റൂളിംഗ്

മി. സ്പീക്കർ : അങ്ങ് ലീഗൽ ഒപ്പിനിയനായിട്ടാണ് പറഞ്ഞത്. നമുക്ക് വളരെയധികം വിഷയങ്ങൾ ഇതിൽ വന്നു. അങ്ങേയ്ക്കും ലീഗൽ ഒപ്പിനിയനുണ്ട്. ....(ബഹളം)..... അത് റീ ഓപ്പൺ ചെയ്യാൻ പറ്റില്ല..... (ബഹളം) .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പഞ്ചായത്ത് ബിൽ അന്ന് സബ്ജക്ട് കമ്മിറ്റിക്കു പോയിയെന്ന് മന്ത്രി ഇപ്പോൾ പറഞ്ഞു. അന്ന് സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ടില്ല. അത് സെലക്ട് കമ്മിറ്റിക്കായിരുന്നു. അന്ന് സബ്ജക്ട് കമ്മിറ്റിക്ക് പോയിക്കാണും, അന്ന് ഒബ്ജക്ട് ചെയ്തുകാണുമെന്ന് അദ്ദേഹം പറഞ്ഞു. അന്ന് സബ്ജക്ട് കമ്മിറ്റിക്കു പോയിട്ടില്ല., സെലക്ട് കമ്മിറ്റിക്കാണ് പോയത്

മി. സ്പീക്കർ : ഇതിൽ വളരെയധികം വിഷയങ്ങൾ വന്നിട്ടുണ്ട്. ചില പ്രധാനപ്പെട്ട കാര്യങ്ങളും ഈ ഓബ്ജക്ഷൻസിൽ വന്നിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്, അത് ചെയർ കാണുന്നുണ്ട്..... (ബഹളം) .....

ശ്രീ. കെ.എം. മാണി : സർ, ഞങ്ങൾ പറയുന്ന ന്യായമായ ഓബ്ജക്ഷൻസ് ഗവൺമെന്റ് പരിശോധിക്കണം ..... (ബഹളം).....

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി പറയുന്നത് കേട്ടു, അത് പരിശോധിച്ചില്ല എന്നു പറയാൻ പറ്റില്ല, കാരണം വളരെ പ്രധാനപ്പെട്ട ഒരു ഒബ്ജക്ഷനാണ് ബില്ലിന്റെ പേര്. അത് വളരെ പ്രധാനപ്പെട്ടതാണ്..... (ബഹളം) ..... സമയം എടുത്തോ ഇല്ലയോ എന്നുള്ളത് രണ്ടാമത്തെ കാര്യം, സമയമെടുത്തില്ല എന്നെങ്ങനെ പറയാൻ കഴിയും? അതുവേറെ വിഷയം. ഇത്തരത്തിൽ ലെജിസ്ലേഷനിൽതന്നെ, ഈ നിയമസഭയുടെ ചരിത്രത്തിൽതന്നെ വളരെ കുറവാണ്, അപൂർവ്വമാണ്. ഇപ്പോൾ 35 എണ്ണമുണ്ട്, അത് വേണ്ടിവന്നു. ഡിസെൻട്രലൈസേഷനെന്ന ഒരു പുതിയ മാറ്റത്തിന്റെ ഫലമായി വേണ്ടിവന്ന ഒരു പുതിയ പ്രതിഭാസമാണ്. ഇത്തരം കാര്യങ്ങളിൽ പുതിയ പരീക്ഷണങ്ങൾ വേണ്ടിവരുമെന്നുള്ളത് ചെയർ അംഗീകരിക്കുന്നു. പക്ഷേ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ആദ്യത്തെ ഓബ്ജക്ഷൻ സംബന്ധിച്ചുള്ള റൂളിംഗ് കൂടി ചെയർ പറയണം.

മി. സ്പീക്കർ : ആദ്യത്തെ ഒബ്ജക്ഷൻ ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങി. പക്ഷേ അതിലൊരു പ്രധാനപ്പെട്ട കാര്യം ചെയറിനും അറിയേണ്ടതായിട്ടുള്ളതുകൊണ്ടാണ് അതിനെസംബന്ധിച്ച് എന്താണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രിയോട് ചോദിച്ചത്. അപ്പോൾതന്നെ ഒരു വിശദീകരണവുമില്ലാതെ, straight away അദ്ദേഹം സ്വീകരിച്ചു എന്നുള്ളത് ഒരു നല്ല കാര്യമായിട്ടുതന്നെ കാണണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അതെങ്ങനെ ഇംപ്ലിമെന്റു ചെയ്യും? ഇപ്പോഴും സഭയുടെ മുൻപിൻ അമെന്റുമെന്റ് ബില്ലാണ് അതുശരിയല്ലെന്ന് അദ്ദേഹം സമ്മതിച്ചു, പിന്നെ അതെങ്ങനെ ചർച്ച ചെയ്യും?

മി. സ്പീക്കർ : അത് ചർച്ച ചെയ്യാമല്ലോ, ചർച്ച ചെയ്യുന്നതൊക്കെ സഭ തീരുമാനിച്ചിട്ടാണ്.

ഭക്ഷ്യ - വിനോദസഞ്ചാര - നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ആ വാക്ക് ഡിലീറ്റ് ചെയ്യാം എന്നാണ് ഞാൻ സമ്മതിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബിൽ ഉണ്ട്, ബില്ലിന് പേരുണ്ട്, അതിൽ വന്ന അപാകത .....(ബഹളം) .... ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ പാടില്ല.... (ബഹളം) .... അതിന് സമയവും സന്ദർഭവുമുണ്ട്. അതിന്റെ പേരിൽ ബിൽ അവതരിപ്പിക്കുന്നതിനൊന്നും അപാകതയില്ല, അതാണ് ചെയർ പറയുന്നത്. ബിൽ അവതരിപ്പിക്കുന്നതിനും പരിഗണിക്കുന്നതിനുമൊന്നും ഒരു അപാകതയുമില്ല. അത് ഏതു സ്റ്റേജിൽ എങ്ങനെ പരിഹരിക്കണമെന്നു തീരുമാനിച്ചാൽ മതി, അത്രയേയുള്ളൂ. പക്ഷേ സാധാരണ വരാത്ത, മുൻകാലങ്ങളിൽ വന്നില്ല, അത് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതിനോട് ചെയർ യോജിക്കുകയാണ്. ഇവിടെയും വന്നിട്ടില്ല, ഇതിനെ സംബന്ധിച്ച് മുൻപ് കേട്ടുകേൾവിയുമില്ല. .....(ബഹളം) .....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബില്ലിന് unconstitutional, irregularity ഏതെങ്കിലുമുണ്ടായിക്കോട്ടെ, അത് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുമ്പോൾ ചേഞ്ച് ചെയ്യാവുന്നതേയുള്ളൂ..

മി. സ്പീക്കർ : പിന്നെ വന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് ശ്രീ. കെ.എം. മാണി ഇവിടെ ഉന്നയിച്ചതും മറ്റുചില അംഗങ്ങൾ അതു സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചതും. അതിൽ വരുന്നതാണ് മണി ബിൽ എന്നകാര്യം, ഇതിൽ വരുന്ന ഒരു വകുപ്പ് സെക്ഷൻ 32 അതാണ് Amendment of Act 1976. ഇത് മോട്ടോർ വെഹിക്കിൾസ് ആക്ടിലെ ടാക്സേഷൻ ആക്ടിനെ സംബന്ധിച്ചാണ്. അതല്ലേ വിഷയം? അതാണിവിടെ വന്നത്. അത് സംബന്ധിച്ച് ഒരു ഡിബേറ്റു നടന്നു, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അതുകേട്ടു, അദ്ദേഹം അദ്ദേഹത്തിന്റെ ആർഗുമെന്റ്സ് ഇവിടെ അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞത് മണി ബില്ലിന്റെ പരിധിയിൽ ഇതു വരുന്നില്ല എന്നാണ്. മണി ബില്ലാണെങ്കിൽ തീർച്ചയായും ഗവൺമെന്റ് റെക്കമെന്റേഷൻ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് വേണം. അത് വരുന്നില്ലെന്ന് അദ്ദേഹം പറയാൻ കാരണം ഇതിൽ വരുന്നത് ഷെയറിംഗ് ആണ്. 19-ൽ പറയുന്നത് Sharing of proceeds- എന്നാണ്. അതാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അപ്പോൾ മണി ബില്ലിന്റെ പരിധിയിൽ ആ രൂപത്തിൽ വരുന്നില്ലെന്നുള്ളത് സ്വീകരച്ചാൽ തന്നെ കോൺസിറ്റ്യൂഷനിൽ തന്നെ ഒരു പ്രോവിഷൻ ഉള്ളതുകൊണ്ട്. ചെയറിന് ഇതു സ്വീകരിക്കുന്നതിൽ കുഴപ്പമില്ല. പക്ഷേ ഒരു റെക്കമെന്റേഷൻ കൂടിയാകാമായിരുന്നു. അതുമാത്രമേ ചെയർ ഇതിനെ സംബന്ധിച്ചു പറയുന്നുള്ളൂ. ആകാമായിരുന്നു എന്നുള്ളത് ഈ സന്ദർഭത്തിൽ ചെയർ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. കമ്മിറ്റികളുടെ ജൂറിസ്ഡിക്ഷനെക്കുറിച്ച് ഇവിടെ നല്ല ഡിബേറ്റു നടന്നു. കമ്മിറ്റികളുടെ ജൂറിസ്ഡിക്ഷനെക്കുറിച്ച് നമുക്ക് റൂൾ അനുസരിച്ച് കാര്യങ്ങൾ പറയാം. റൂളിൽ പറയുന്നത് 237(1) അനുസരിച്ച് സെലക്ടു കമ്മിറ്റിക്ക് അയയ്ക്കാത്ത ബില്ലുകൾ, അവ ഏതു സബ്ജക്ടുകമ്മിറ്റിയ്ക്കു പോകണമെന്നാണ് ജൂറിസ്ഡിക്ഷനിലാണോ വരുന്നത്. അതാണ് പ്രസക്തമായിട്ടുള്ള ഭാഗം. അതോടൊപ്പം തന്നെ റൂൾ 77 (2) അനുസരിച്ച് പോകേണ്ടത് അപ്രോപ്രിയേറ്റ് സബ്ജക്ടുകമ്മിറ്റികൾക്കാണെന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. ഇവിടെ നോക്കേണ്ടത് ഈ അപ്രോപ്രിയേറ്റു കമ്മിറ്റികൾ ഏതാണെന്നുള്ളതാണ്. ഈ ബില്ലുകളുടെ സ്വഭാവം പരിശോധിച്ചാൽ മിക്കവാറും എല്ലാ കമ്മിറ്റികളുടെയും .....237(1) ഇതിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി ചെയറിന്റെ ശ്രദ്ധയിൽ വന്ന, പരിശോധിച്ച ഒരു വിഷയമായതുകൊണ്ട് പറയുകയാണ്. ഈ പറഞ്ഞ ആർഗുമെന്റ്സ് ഒക്കെ പ്രസക്തമായിട്ടുള്ളതാണ്, അക്കാര്യത്തിൽ സംശയമില്ല. എങ്ങനെയാണ് പ്രായോഗികമായി ചെയ്യാൻ കഴിയുക. ശ്രീ. കെ.എം. മാണി തന്നെ പറഞ്ഞ 9 അല്ലെങ്കിൽ 10 ആണെങ്കിൽ ..... കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കൂടലല്ല, നിയമസഭ തന്നെ കൂടലാണ്. നിയമസഭ കൂടിയാലേ ഈ കമ്മിറ്റി സ്ക്രൂട്ടിനൈസ് ചെയ്യാൻ പറ്റുകയുള്ളൂ. പരിശോധിക്കാൻ പറ്റുകയുള്ളൂ. പക്ഷേ ഇവിടെ വന്നിരിക്കുന്നത് അങ്ങനെയല്ല. പിന്നെ എങ്ങനെയാണ് ഇത് പ്രായോഗികമാക്കുക, ഇവിടെ കീഴ്വഴക്കങ്ങളുണ്ട്. ഇവിടെ പല ആർഗു മെന്റ്സും വന്നല്ലോ? പഞ്ചായത്ത്രാജിനെ സംബന്ധിച്ചുമൊക്കെ വന്നു. എന്റെ മുൻപിൽ കിട്ടിയ ഒരു കാര്യം പറയാം. 1990-ലെ കേരളാ ഡിസ്ട്രിക്ട് അഡ്മി നിസ്ട്രേഷൻ അമെന്റ്മെന്റ് ബിൽ, ശ്രീ. വി.ജെ. തങ്കപ്പന്റെ കാലത്തുള്ളതാണ്. ആ ബിൽ ഇതേ രൂപത്തിൽ ഇത്ര കണ്ട് വ്യാപ്തിയില്ലെങ്കിലും വന്ന ഒരു ബില്ലാണ്. ആ ബില്ല് അയച്ചിരുന്നത് 9-ാം സബ്ജക്ട് കമ്മിറ്റിക്കാണ്. ഇതാണ് ഇവിടത്തെ ഒരു കീഴ്വഴക്കമായി നമുക്ക് കാണാൻ കഴിയുന്നത്. അല്ലാതെ യുള്ള ഒരു കീഴ്വഴക്കവും ഈ കാര്യത്തിൽ വന്നിട്ടില്ല. അതേ സമയത്ത് നമ്മുടെ ഫൈനാൻസ് ബില്ല് വരുമ്പോൾ നാം സ്ഥിരമായി രണ്ടു മൂന്നു ബന്ധ പ്പെട്ട കമ്മിറ്റികളുടെ കംബൈന്റ് മീറ്റിംഗ് കൂടി ചെയ്യാറുണ്ട്. മറ്റു കാര്യങ്ങൾ ക്കൊന്നും ഇവിടെ ഒരു കീഴ്വഴക്കവുമില്ല. എന്നാലും പ്രായോഗികമായി നോക്കേണ്ടേ? തികച്ചും അസാധാരണമായ ഒരു കാര്യം, നമുക്ക് എങ്ങനെ ഫലപ്രദമായി നിർവ്വഹിക്കാം എന്ന് ആലോചിച്ചാൽ പിന്നെ വരുന്നത് ഒരു കമ്മിറ്റി എന്നുപറഞ്ഞല്ലോ? ഇത് ഏതു കമ്മിറ്റിയാണെന്ന് ക്വസ്റ്റ്യൻ വരികയാ ണെങ്കിൽ, അതിനുള്ള ആൻസർ എന്നുപറയുന്നത് ഇപ്പോൾ സജസ്റ്റു ചെയ്തി രിക്കുന്ന നമ്പർ 9-ലാണ്. ഇതു ചെയ്യാൻ കഴിയുക. ആ കമ്മിറ്റി മറ്റു സബ്ജക്ടുകൾ കൈകാര്യം ചെയ്യാൻ അധികാരമുള്ള കമ്മിറ്റി അല്ലെങ്കിൽ കൂടി ആ കമ്മിറ്റിയാണ് ഇതു നോക്കുക എന്നുള്ളതല്ലാതെ വേറെ യാതൊരു പോംവഴിയും ഇക്കാര്യത്തിൽ കാണുന്നില്ല. സബ്ജക്ട് കമ്മിറ്റി എന്ന നില യിൽ പ്രായോഗികമായി നമുക്ക് മറ്റ് യാതൊരു പോംവഴിയും ഇക്കാര്യത്തിൽ കഴിയുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇതു കേരളാ ഡീ-സെൻട്രലൈസേ ഷൻ ഓഫ് പവേഴ്സ് ബില്ലാണ്. പഞ്ചായത്ത് കൈകാര്യം ചെയ്യുന്നതാണ്, അധികാരം വന്നാലും പഞ്ചായത്താണ് ചെയ്യേണ്ടത്.

മി. സ്പീക്കർ : 1990-ലെ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ അമെന്റു മെന്റ് ബില്ലിന്റെ പ്രീസിഡന്റ് ഉൾപ്പെടെ വച്ചുകൊണ്ടു പറയുന്ന ഈ ബില്ലുക ളെല്ലാം, കമാന്റു ഏരിയ ഡെവലപ്മെന്റ് ബില്ലുൾപ്പെടെ ഈ ബില്ലുകൾ എല്ലാം ഒറിജിനേറ്റു ചെയ്തത് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ്. അതുകൊണ്ട് IX –ാം സബ്ജക്ട് നമ്പർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഇതു പോകുന്നതായിരിക്കും നമ്പർ ഉചിതമായിട്ടുള്ളത്. അതാണ് ചെയറിന് ഇതു സംബന്ധിച്ച് റൂൾചെയ്യാനുള്ളത്.

ഓർഡർ, ഓർഡർ, ... ഒബ്ജക്ഷനൊന്നും നിലനിൽക്കുന്നതല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. ടി.എസ്. ജോൺ : സർ, "2000-ത്തിലെ കേരള ഡീ-സെൻട്രലൈ സേഷൻ ഓഫ് പവേഴ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്ന തിനായി 30.6.2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരി പ്പിക്കുന്നു." ഇതൊരു അസാധാരണ നിയമമാണ്. അസാധാരണമായ ഒരു നടപടി, അസാധാരണമായി പ്രവർത്തിക്കുന്ന അസാധാരണമായിട്ടുള്ള ഒരു കാര്യമാണ്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 50 വർഷം കഴിഞ്ഞു. എന്നിട്ടും ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് നടപ്പിലാക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വരേണ്ടതായിട്ടു വന്നു കേരളത്തിൽ. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

അസാധാരണമായ ഈ ബിൽ അസാധാരണമായ നടപടി ക്രമങ്ങളിലൂടെ ഈ നിയമസഭയിൽ പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നത്. കാരണം 34 നിയമങ്ങൾക്ക് അമെന്റുമെന്റ് ഉണ്ടാക്കേണ്ടതായിട്ടു വന്നു. മൂന്നു നിയമം തന്നെ റിപ്പീൽ ചെയ്യേണ്ടതായും വന്നു. അസാധാരണമായ നടപടി ക്രമങ്ങളിലൂടെ എന്നു ഞാൻ പറഞ്ഞത് ഈ രാജ്യത്ത് അധികാരത്തിൽ വന്ന കോൺഗ്രസ്സ് ഗവൺമെന്റുകൾ ഗാന്ധിജി വിഭാവനം ചെയ്ത ഡീ-സെൻട്രലൈസേഷൻ നടപ്പിലാക്കേണ്ടതായിരുന്നു. ഗ്രാമങ്ങൾക്ക്, ഗ്രാമീണജനതയുടെ ഉന്നമനത്തിന് അനുസൃതമായ ഒരു ഭരണസംവിധാനം ഭാരതത്തിലുണ്ടാകണമെന്ന് ഗാന്ധിജി വിഭാവനം ചെയ്തിരുന്നു. പക്ഷേ അതു നടപ്പിലാക്കുവാൻ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾക്ക് കഴിഞ്ഞില്ല. ഇൻഡ്യയിൽ കൂടുതൽ കാലം അധികാരത്തിലിരുന്നിട്ടുള്ളത് കോൺഗ്രസ്സ് ഗവൺമെന്റുകളാണ്. നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ നാം കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തോളമായി കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രാജ്യത്തുണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ അവാച്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് പ്രതിപക്ഷത്തെ അങ്കലാപ്പാക്കിയിട്ടുണ്ട്. ജനകീയാസൂത്രണത്തെ കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ മുഴുവൻ ശക്തമായി എതിർത്തു. ഒടുവിൽ എതിർപ്പുണ്ടായിട്ടുപോലും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നുവെന്ന് കണ്ട് അതിൽ നിന്നും പിൻമാറിക്കൊണ്ടിരുന്ന ഒരു അവസരമുണ്ടായിരുന്നു. ഏത് മാറ്റം വന്നാലും ജനകീയം എന്നുപറയുമ്പോൾ ഇവർക്ക് ഭയങ്കരമായ അങ്കലാപ്പാണ്. അതുപോലെ ജനകീയ പോലീസായാലും അങ്കലാപ്പാണ്. ജനകീയ പോലീസെന്ന് ഇവിടെ ആരോ പറയുന്നത് കേട്ട് ഭയങ്കരമായ അങ്കലാപ്പായിപ്പോയി. എന്താണ് ജനകീയ പോലീസെന്നുള്ളത് വായിച്ച് നോക്കുമ്പോൾ കാര്യമായിട്ടൊന്നും ഇല്ല. ഇൻഡ്യാ രാജ്യത്ത് കേരളത്തിൽ നല്ല ഒരു സംവിധാനമുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നുമാത്രമേയുള്ളു. ഇവിടെ രണ്ട് ദിവസത്തിന് മുൻപ് എന്ത് ബഹളമായിരുന്നു. ഇന്നലെയും മിനിഞ്ഞാന്നും അടിയന്തിരപ്രമേയമായിട്ട് ജനകീയ പോലീസ് പ്രശ്നം കൊണ്ടുവന്നു. ജനകീയമെന്ന് കേൾക്കുമ്പോൾ വിരളിപിടിച്ച് ഓടുകയാണ് പ്രതിപക്ഷ കക്ഷികളെല്ലാം. നമ്മുടെ ഗ്രാമങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ നോക്കണം.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ജനകീയ പോലീസിനെ ഞങ്ങൾ എതിർക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. ഭരണകക്ഷിയിൽപ്പെട്ട സി.പി.എം. ഒഴിച്ചുള്ള കക്ഷികൾ എതിർക്കുന്നുവെന്ന് പത്രവാർത്തയുണ്ടല്ലോ. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ 16-ാം തീയതി കമ്മിറ്റി വച്ചിരിക്കുകയാണല്ലോ.

<u>ശ്രീ. ടി.എസ്. ജോൺ</u> : അത് പത്രവാർത്തയല്ലേ. ഒരു കടലാസ് ഇവിടെ വന്നപ്പോൾ തന്നെ എതിർപ്പ് തുടങ്ങി. ഇത് വായിച്ച് നോക്കിയാൽ കാര്യമായി എതിർക്കാനുള്ള കാരണങ്ങളൊന്നും ഇല്ല. നിങ്ങൾക്ക് വേണ്ടാത്തത് നമുക്കും വേണ്ട. ജനകീയാസൂത്രണത്തെ നിങ്ങൾ എതിർത്തു.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, ജനകീയപോലീസിനെ പ്രതിപക്ഷം എതിർക്കാൻ കാര്യം വ്യാജവാറ്റും അതുപോലെ ലഹരിമരുന്നുകളും പിടിക്കാനുള്ള വ്യവസ്ഥ, അവർക്ക് അധികാരം കൊടുക്കുന്നുവെന്ന ഒരു തോന്നൽ മനസ്സിൽ വച്ചുകൊണ്ടാണെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ?

<u>ശ്രീ. ടി.എസ്. ജോൺ</u> : അതും കാരണങ്ങളിൽ ഒന്നാണ്. ജനകീയാസൂത്രണത്തെ അന്ന് അവർ ശക്തിയായി എതിർത്തു. പഞ്ചായത്തുകളിൽ മുഴുവൻ പരാജയപ്പെടുത്താൻ ശ്രമിച്ചു. യു.ഡി.എഫ്. അധികാരത്തിലിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിൽ ജനകീയാസൂത്രണത്തിന് കൊടുത്ത പണം ചെലവാക്കാതെ പരാജയപ്പെടുത്താൻ ശ്രമിച്ചു. ചില ജില്ലകളിൽ, പത്തനംതിട്ട ജില്ലയിൽ കൊടുത്ത പണം മുഴുവൻ ലാപ്സാക്കി, ജനകീയാസൂത്രണത്തെ പരിപൂർണമായി പരാജയപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ അവർ പരാജയപ്പെടുത്തിയിട്ടും ജനങ്ങളുടെ വികാരമനുസരിച്ച് പിന്നെ പ്രവർത്തിക്കേണ്ടിവന്നു. ഇന്ന് എന്താണ് ഗ്രാമപ്രദേശങ്ങളിൽ നടക്കുന്നത്? എല്ലാ മേഖലയിലും പ്രവർത്തനങ്ങൾ നടക്കുകയാണ്. ഞാൻ ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ നിയോജകമണ്ഡലത്തിലെ പച്ചക്കറി കൃഷിയുടെ കാര്യം പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ നിന്നുതന്നെ ഒരു ജില്ലയ്ക്കാവശ്യമായ പച്ചക്കറിയുണ്ടാക്കാൻ കഴിയുന്നു. ഇതൊരു ചെറിയ കാര്യമാണോ? രണ്ട് പഞ്ചായത്തുകൾ മാത്രമാണ് പച്ചക്കറി ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു നാല് പഞ്ചായത്തുകൾകൂടി തന്നേരേ. എല്ലാവർക്കും പച്ചക്കറി കൊടുക്കുന്ന കാര്യം ഞാൻ ഏറ്റു. ഈ രാജ്യത്തെ ജനങ്ങൾക്ക് മുഴുവൻ പച്ചക്കറി സാധനം, നല്ല രുചിയുള്ളത് ജൈവവളം ഉപയോഗിച്ചുതന്നെ കൃഷി ചെയ്ത് ഈ രാജ്യത്തെ ജനങ്ങൾക്ക് കൊടുക്കാൻ കർഷകർ തയ്യാറാണ്.

ശ്രീ. എം.വി. ജയരാജൻ : അങ്ങയുടെ പ്രസംഗം വളരെ ശ്രദ്ധാപൂർവ്വം ശ്രീ. കെ. നാരായണക്കുറുപ്പ് കേട്ടുകൊണ്ടിരിക്കുകയാണ്. എല്ലാപേർക്കും പച്ചക്കറി കൊടുക്കാൻ കഴിയുന്നത് ജനകീയാസൂത്രണത്തിലൂടെ പച്ചക്കറി ഉൽപാദനം മെച്ചപ്പെടുത്താൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരവും ഫണ്ടും ഉള്ളതുകൊണ്ടാണ് വാഴൂരിൽ ആവശ്യമായിട്ടുള്ള സാധനം ഇല്ലായെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ? ആവശ്യമായത് അവിടെ ഇറക്കിക്കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, വാഴൂരിലെ ജനങ്ങൾക്ക് ആവശ്യമുള്ളതെല്ലാം അവരുടെ പക്കലുണ്ട്. കല്ലുപ്പാറയിൽ കൃഷിചെയ്യുന്നതിൽ നിന്നുകിട്ടുന്നത് വാഴൂർക്കാർ വാങ്ങുകയില്ല.

ശ്രീ. ടി.എസ്. ജോൺ : സർ, ശ്രീ. കെ. നാരായണക്കുറുപ്പ് ഒരു രസികനാണ്, കൃഷിക്കാരനാണ്. അദ്ദേഹത്തിന് കൂടുതൽ കാര്യങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നുള്ളത് എല്ലാപേർക്കും അറിയാം. ശ്രീ. കെ. നാരായണക്കുറുപ്പ് ഉൽപ്പാദിപ്പിക്കുന്ന കാര്യങ്ങളെല്ലാം കല്ലുപ്പാറയിൽ ഉൽപ്പാദിപ്പിക്കുവാൻ ഒക്കുകയില്ലല്ലോ.

ശ്രീ. ടി.എം. ജേക്കബ് : കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ശ്രീ. കെ. നാരായണക്കുറുപ്പ് പറഞ്ഞു ചെറിയ ചെറിയ സാധനങ്ങൾ ഒക്കെ അദ്ദേഹം വലുതാക്കിത്തരുമെന്ന് അത് കൃഷിയുടെ കാര്യമാണോ?

ശ്രീ. ടി.എസ്. ജോൺ : ശ്രീ. നാരായണക്കുറുപ്പുസാറിന്റെ വൈദഗ്ദ്ധ്യത്തെക്കുറിച്ച് ആർക്കും ഈ രാജ്യത്ത് സംശയമില്ല. ചെറിയ കാര്യങ്ങളെ വലുതാക്കാനും, ചെറുതിനെ വലുതാക്കാനും അരസികത്വത്തെ രസാവഹമാക്കാനും കഴിവുള്ള ആളാണ് ശ്രീ. കെ. നാരായണക്കുറുപ്പെന്ന് നമുക്ക് അറിയാം. അദ്ദേഹം ഇപ്പുറത്തിരിക്കേണ്ട ആളാണെന്നും നമുക്കറിയാം. അങ്ങനെ പച്ചക്കറി കൃഷിയിലൂടെ ആയിരം കോടി രൂപ നമ്മുടെ സംസ്ഥാനത്ത് ലാഭമുണ്ടാകാൻ പോകുന്നു. ഇതിന് കൃഷി വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ റോഡുകളുടെ കാര്യത്തിലും എത്രമാത്രം വളർച്ചയാണുണ്ടായിട്ടുള്ളത്. ശ്രീ. പി.പി. തങ്കച്ചൻ പോയി നോക്കാറുണ്ടോ? പഞ്ചായത്തുകൾ റോഡുകൾ ടാർ ചെയ്തുവരുന്നു. പഞ്ചായത്തിന്റെ പ്രവർത്തനത്തിലൂടെ ജില്ലയിലെ എല്ലാ മേഖലകളിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടക്കുന്നു. ഞാൻ വിചാരിച്ചത് വാട്ടർ അതോറിറ്റിയിൽ കൂടിയുള്ള സ്കീമേ നടപ്പിലാക്കുകയുള്ളൂ എന്നാണ്. എന്നാൽ എന്തെല്ലാം ചെറിയ ചെറിയ സ്കീമുകൾ ഉണ്ടാക്കുന്നു. ഈയിടെ ഞാൻ ഒരു ഉദ്ഘാടനത്തിന് പോയി. പഞ്ചായത്ത് ഉണ്ടാക്കിയതാണ്. 300 വീട്ടുകാർക്ക് കുടിവെള്ളം എത്തിച്ച് കൊടുക്കുന്നു. ഈ ഗവൺമെന്റ് പാസ്സാക്കിക്കൊടുക്കുന്ന കാശാണ്. 40 ശതമാനം തുക കൊടുക്കുന്നതുകൊണ്ട് ചെറിയ ചെറിയ ഗ്രാമപ്രദേശങ്ങളിൽ ചെറിയ ചെറിയ പദ്ധതികൾ ഉണ്ടാക്കുന്നു. ഇന്നലെ ഒരാൾ വിളിച്ചു പറഞ്ഞു പത്ത്, രണ്ടായിരം വീട്ടുകാർക്ക് ഇന്ന കുളത്തിൽ നിന്നും വെള്ളം കൊടുക്കാൻ കഴിയുമെന്ന്. നടക്കട്ടെ! ജില്ലാ പഞ്ചായത്തിലൂടെ ചെയ്യുന്നതാണ്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഇവർക്ക് നിങ്ങൾ എന്തുപൈസയാണ് കൊടുത്തിരുന്നത്. നിങ്ങളുടെ കാലത്ത് വല്ലതും കൊടുത്തോ? നിങ്ങളുടെ കാലത്ത് ജില്ലാ കൗൺസിലിന്റെ സ്ഥിതി എന്തായിരുന്നു? ശ്രീ. പി.പി. തങ്കച്ചൻ അധികാരത്തിലിരുന്നതല്ലേ? ശ്രീ. കെ. കരുണാകരൻ ഈ രാജ്യത്ത് അധികാരത്തിലിരുന്നപ്പോൾ ജില്ലാ കൗൺസിലിന്റെ സ്ഥിതി എന്തായിരുന്നു? കസേരയെടുത്ത് കളക്ടർക്ക് ഇരിക്കാൻ ഇട്ടുകൊടുക്കുകയായിരുന്നു അന്നു ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ ജോലി അപ്പോൾ പഞ്ചായത്തുകളെ നോക്കുകുത്തികളാക്കി മാറ്റിയിരുന്നു.

ശ്രീ. പി.പി. തങ്കച്ചൻ : അത് മനസ്സിലാക്കിക്കൊണ്ടാണ് ഞങ്ങളുടെ ഗവൺമെന്റ് ഇരുന്നപ്പോൾ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി പഞ്ചായത്തീ-രാജ് നഗരപാലിക നിയമം പാസ്സാക്കി അധികാരം കൈമാറിയത്.

ശ്രീ. പി.സി. ജോർജ് : സർ, വെറുതെ ഈ അവകാശവാദം ഉന്നയിക്കുന്ന കോൺഗ്രസ്സിന്റെ പരിപാടി ശ്രീ. പി.പി. തങ്കച്ചൻ, അങ്ങെയെങ്കിലും നിർത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ബ്ലോക്ക് പഞ്ചായത്തിന് മുഴുവൻ അധികാരവും കൊടുത്തത്. ഇതൊന്നും മനസ്സിലാക്കാതെയാണ് ശ്രീ. പി.പി. തങ്കച്ചൻ പറയുന്നത്.

ശ്രീ. ടി.എസ്. ജോൺ : അധികാരങ്ങളും ധനാഗമമാർഗ്ഗങ്ങളും പഞ്ചായത്തിന് കൊടുത്തത് ആരാണ്? അധികാരം കൊടുത്തു. ധനാഗമമാർഗ്ഗങ്ങളും കൊടുത്തു. കേരള സംസ്ഥാനത്തിന്റെ 40 ശതമാനം വരുമാനം കൊടുത്തു. ആയിരത്തിചിലാനം കോടി രൂപ കൊടുത്തു. അതിന്റെ പ്രവർത്തനങ്ങൾ നാട്ടിൻപുറങ്ങളിൽ കാണാം. നിങ്ങൾ അതിന്റെ അങ്കലാപ്പിലാണ്. നിങ്ങൾ ഒരെണ്ണം ജയിച്ചുവരുകയില്ലയെന്ന് ഞങ്ങൾക്കറിയാം. ഇതാണ് എൽ.ഡി.എഫ്.ന്റെ പ്രവർത്തനം. ഗ്രാമീണ ജനതയുടെ ഇംഗിതത്തിനനുസൃതമായി ഈ രാജ്യത്ത് ഗ്രാമപഞ്ചാത്തുകൾ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ ആ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കോൺഗ്രസ്സ് കൂടി നമ്മുടെകൂടെ കൂടുക. നാല് സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ സംസ്ഥാന പാർട്ടി വേണമെന്ന് ജനങ്ങൾ തീരുമാനിച്ചു. സംസ്ഥാന പാർട്ടിയില്ലാതെ ഇൻഡ്യാ രാജ്യത്ത് ഒരു ഭരണമുണ്ടാകുകയില്ല. ബി.ജെ.പി.യുടെ ഭരണം എങ്ങനെയാണ്. 24 സംസ്ഥാന പാർട്ടികളുമായി കൂട്ടുകൂടിയാണ് അവർ ഭരിക്കുന്നത്. കോൺഗ്രസ്സ്; തനിച്ച് ഏകകക്ഷി ഭരണം. ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് നടക്കാത്തതാണ് ഉണക്ക സോണിയാഗാന്ധിയുടെ കാലത്ത് നടക്കുക. നിങ്ങൾ ശ്രീമതി സോണിയാഗാന്ധിയേയും പൊക്കിപ്പിടിച്ചുകൊണ്ട് നടന്നാൽ കോൺഗ്രസ്സ് നശിക്കുക മാത്രമല്ല ഇൻഡ്യാ രാജ്യം കൂടി നശിച്ചു പോകും. കോൺഗ്രസ്സ് ഇൻഡ്യയിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഒറീ

LIBRARY ARCHIVES Kerala Legislative Assembly

സയിൽ എന്താണ് സ്ഥിതി? ഒറീസയിൽ ചുഴലിക്കാറ്റടിച്ചു. ജനങ്ങൾ ചുഴലിക്കാറ്റു തകർത്തതുപോലെ കോൺഗ്രസ്സിനെയും അടിച്ചുതകർത്തുകളഞ്ഞു.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കോൺഗ്രസ്സ് എം.എൽ.എ: മാർക്ക് ലാലുപ്രസാദ് യാദവിന്റെ പാർട്ടിക്ക് സമയത്തിന് പിന്തുണ കൊടുക്കാൻ കഴിയാത്തതിന്റെ ഗുരുതരമായ സ്ഥിതിയാണ് ബീഹാറിൽ നിലനിൽക്കുന്നതെന്നുള്ള കാര്യം. അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. ബാബു : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട ടി. എസ്. ജോൺ സംസാരിക്കുമ്പോൾ പറഞ്ഞുവന്ന കൂട്ടത്തിൽ ഉണക്ക സോണിയാഗാന്ധി എന്ന് പറയുകയുണ്ടായി അത് പിൻവലിക്കണം. അല്ലെങ്കിൽ സഭാ രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. ടി.എസ്. ജോൺ : സർ, സോണിയാഗാന്ധി അവരുടെ നേതാവല്ലേ, അത് ഞാൻ പിൻവലിച്ചിരിക്കുന്നു. അവർ മെലിഞ്ഞ സ്ത്രീയാണ്. കഴിവുകെട്ടവരാണ് എന്നൊക്കെ ഈ രാജ്യത്തിലെ എല്ലാപേർക്കും അറിയാം, ഇത്രമാത്രം കഴിവുകെട്ട നേതൃത്വം കോൺഗ്രസ്സിനു ഉണ്ടായതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ബീഹാറിലെ സ്ഥിതി എന്താണ്? ഇതുപോലെ കഴിവുകെട്ട നേതൃത്വം ഉണ്ടായിട്ടുണ്ടോ? ബീഹാറിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സീറ്റ് കുറഞ്ഞു. ഉടനെ ലാലുപ്രസാദ് യാദവിനെ കാലുവാരി പിന്തുണ പിൻവലിച്ചു. അതുകഴിഞ്ഞ് ലാലുപ്രസാദ് ഇടതുപക്ഷ കക്ഷികളിൽ ചിലരുമായി കൂട്ടുകൂടി. അതിലും ചിലർ വിട്ടുപോയിട്ടുണ്ട്. ആ ഇടതുപക്ഷ കക്ഷികളുമായി കൂട്ടുകൂടിയ ലാലുപ്രസാദ് ഏറ്റവും കൂടുതൽ സീറ്റുകൾ നേടി ബീഹാറിൽ അധികാരത്തിൽ വന്നു. ബീഹാറിൽ കൂട്ടുകൂടി നിന്നിരുന്നുവെങ്കിൽ, ഇടതുപക്ഷ കക്ഷികളും കോൺഗ്രസ്സും കൂടി ബീഹാറിൽ ബി.ജെ.പി.യെ എതിർത്തിരുന്നുവെങ്കിൽ മൂന്നിൽരണ്ട് ഭൂരിപക്ഷത്തിനു വർഗ്ഗീയതയ്ക്കെതിരായി ഒരു വിധി ഉണ്ടാകുമായിരുന്നു. അതിന് തടസ്സം നിന്നത് കോൺഗ്രസ്സാണ്. ബീഹാറിൽ അങ്ങനെ. ഒറീസ തകർന്നു. ഹരിയാന സംസ്ഥാന നേതൃത്വത്തിന്റെ കയ്യിലായി. മണിപ്പൂരും പോയി. ഇവർ നന്നാകാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ഇനിയും ഇൻഡ്യയിൽ വർഗ്ഗീയ ശക്തികളെ തളയ്ക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെപ്പോലെ ഇൻഡ്യാ മഹാരാജ്യത്തും ഒരു മുന്നണി ഉണ്ടാകണം. അതിൽ വേണമെങ്കിൽ കോൺഗ്രസ്സും കൂടി കൂടാം.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ടി. എസ്. ജോൺ അഖിലേന്ത്യാ കാര്യങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ഇന്നത്തെ പത്രത്തിൽ പശ്ചിമ ബംഗാളിലെ ഒരു വാർത്ത വന്നു. പശ്ചിമ ബംഗാളിൽ സി.പി.ഐ. മന്ത്രിമാർ രാജിവയ്ക്കാൻ പോകുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ വൻപാർട്ടി മേധാവിത്വത്തിനെതിരായിട്ടാണ് അവിടെ സി.പി.ഐ. മന്ത്രിമാർ രാജിവയ്ക്കുന്നത്. അവിടെ അത്തരം വൻ പാർട്ടി മേധാവിത്വം ഉണ്ടോ?

ശ്രീ. ടി.എസ്. ജോൺ : അവിടെ പത്തിരുപത് വർഷങ്ങളായിട്ടുള്ള കൂട്ടുകെട്ടിൽ അങ്ങനെയൊരു തീരുമാനമെടുത്തു. അത് അവർ പരിഹരിച്ചു കൊള്ളും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് കോൺഗ്രസ്സിനെ വിമർശിക്കുകയാണല്ലോ. ബില്ലിനകത്ത് കോൺഗ്രസ്സിനെ വിമർശിക്കാൻ പാടില്ല. എന്നാൽപ്പോലും അങ്ങ് കോൺഗ്രസ്സിനെ വിമർശിച്ചു. അങ്ങ് ആളു നല്ലവനാണ്. അതുകൊണ്ട് ഞാനൊരു ചോദ്യം ചോദിക്കുകയാണ്. പശ്ചിമ ബംഗാളിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എടുത്ത പൊസിഷനെക്കുറിച്ച് ശ്രീ. കെ. ബാ

LIBRARY ARCHIVES Kerala Legislative Assembly

ബുവിന്റെ ചോദ്യത്തിന് അങ്ങ് ഭാഗികമായി മറുപടി പറഞ്ഞു. അതേ പശ്ചിമ ബംഗാളിൽ ഒരാഴ്ച മുമ്പ് ടെലഗ്രാഫ് പത്രത്തിലും ടൈംസ് ഓഫ് ഇൻഡ്യ പത്രത്തിലും വാർത്തയും എഡിറ്റോറിയലും ഉണ്ടായിരുന്നു. ജ്യോതിബസു ഗവൺമെന്റിലുള്ള ആർ.എസ്.പി. മന്ത്രി, ജ്യോതിബസുവിനെതിരായി പരസ്യമായി ആക്ഷേപം പറഞ്ഞുകൊണ്ട് പ്രസ്താവന ഇറക്കിയിട്ടുണ്ട്. അവിടെത്തന്നെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വ്യത്യസ്തമായ പൊസിഷൻ എടുത്തിരിക്കുകയാണ്. അങ്ങ് പറയുന്നത് കോൺഗ്രസ്സ് ഇടതുപക്ഷത്തിലോട്ട് വരണമെന്നാണല്ലോ. ഇടതുപക്ഷമുന്നണി എന്നു പറയുന്ന ഒരു സാധനം ഇപ്പോൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ അവശേഷിക്കുന്നില്ല. ഇൻഡ്യൻ രാഷ്ട്രീയത്തിൽ എല്ലാപേരും നാലുവഴിക്ക് പോകുകയാണ്. ഇടതുമുന്നണി എന്നുപറയുന്ന ഒരു സാധനമോ ഇടതുപക്ഷ പ്രസ്ഥാനമോ ഇന്നിപ്പോൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇല്ല. ഇല്ലാത്ത ഒന്നിനോട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെപ്പോലുള്ള മഹത്തായ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ അങ്ങ് ക്ഷണിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

<u>ശ്രീ. പി.സി. ജോർജ്</u> : സർ, യഥാർത്ഥത്തിൽ ബംഗാളിൽ കോൺഗ്രസ്സില്ല. പ്രതിപക്ഷം ഇല്ലാത്തതുകൊണ്ട് ഇടതുപക്ഷമുന്നണിയിലെ കക്ഷികൾ പരസ്പരം വിമർശിക്കുകയാണ്.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ഇന്നത്തെ പത്രത്തിൽ വേറെയും ഒരു വാർത്ത ഉണ്ടായിരുന്നു. അങ്ങ് ശ്രദ്ധിച്ചോയെന്ന് എനിക്കറിയില്ല. തൃശ്ശൂരിൽ കോൺഗ്രസ്സിന്റെ മെമ്പർഷിപ്പ് കാംപെയ്ൻ നടക്കുകയാണ്. മെമ്പർഷിപ്പ് എടുക്കാൻ ആളില്ലായെന്ന വാർത്ത പത്രത്തിൽ വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, അങ്ങ് സംസ്ഥാന പാർട്ടികളുടെ കാര്യമാണല്ലോ പറയുന്നത്. ഇൻഡ്യയിലെ എല്ലാ സംസ്ഥാന പാർട്ടികളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഒരു നേതൃത്വം ഏറ്റെടുക്കാൻ അങ്ങയുടെ പാർട്ടി മുൻകൈ എടുക്കുമോ?

<u>ശ്രീ. ടി.എസ്. ജോൺ</u> : ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ പറഞ്ഞ കാര്യം പരിഗണിക്കേണ്ടതാണ്. പശ്ചിമ ബംഗാളിലെ കാര്യമാണ് പറയുന്നത്. പശ്ചിമ ബംഗാളിൽ കോൺഗ്രസ്സ് എന്നു പറയുന്ന സാധനമില്ല ഉണ്ടായിരുന്നത് മുഴുവൻ മമതയുടെ കൂടെപോയി. പശ്ചിമ ബംഗാളിൽ ഇടതുപക്ഷ മുന്നണിയേയുള്ളു. വേറെ യാതൊന്നും ഇല്ല. അവിടെ വിമർശനം ഉണ്ടാകും. ചിലപ്പോൾ ആർ.എസ്.പി, വിമർശിച്ചെന്നുവരും. അവിടെ വിമർശിക്കാൻ ആരെങ്കിലും വേണ്ടേ? അതുകൊണ്ട് വിമർശിച്ചെന്നുവരും.

<u>ശ്രീ. പി. രാജു</u> : സർ, കേരളത്തിൽ ഒരേ കക്ഷി ഭരിക്കുന്ന സന്ദർഭത്തിൽ, കോൺഗ്രസ്സ് ഭരിക്കുമ്പോൾ സ്വന്തം പാർട്ടിയുടെ തെറ്റായ ചെയ്തിയിൽ പ്രതിഷേധിച്ചുകൊണ്ടല്ലേ ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ നിന്നും രാജിവച്ചുപോയത്. അപ്പോൾ ഘടക കക്ഷികളിൽ എതിർപ്പും വിദ്വേഷവും ഉണ്ടാകുന്നത് സ്വാഭാവികമാണെന്ന് അങ്ങേയ്ക്ക് അറിയില്ലേ?

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഇടതുപക്ഷ മുന്നണിയെ ശക്തിപ്പെടുത്തണമെന്ന് പറയുകയുണ്ടായി. ഈ മുന്നണിയിലെ ഒരു ഘടക കക്ഷിയായ എൻ.സി.പി.യുടെ നേതാവ് ശ്രീ. പി.എ. സാംഗ്മ കഴിഞ്ഞ ഞായറാഴ്ച കൊച്ചിയിൽ വന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണിക്കും, കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണിക്കും എതിരായി ബി.ജെ.പി.യുമായി ബന്ധപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു മൂന്നാം മുന്നണി രൂപീകരിക്കണമെന്ന് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എസ്. ജോൺ : അത് സാംഗ്മയുടെ അഭിപ്രായമാണ്. അയാൾ പിറ്റെദിവസം അത് തിരുത്തുകയും ചെയ്തു. നമുക്ക് ഇപ്പോഴുള്ള ഫാക്ടിനെക്കുറിച്ച് പറയാം. പശ്ചിമ ബംഗാൾ, ബീഹാർ, ഒറീസ എന്നീ സംസ്ഥാനങ്ങളിലൊരിടത്തും കോൺഗ്രസ്സ് ഇപ്പോഴില്ല. ഇനി എവിടെയാണ് ഉള്ളതെന്ന് മനസ്സിലാകുന്നില്ല. കേരളത്തിലും ശക്തികുറഞ്ഞുകൊണ്ടിരിക്കുന്നു.

ശ്രീ. എ. കണാരൻ : കോൺഗ്രസ്സ് പാർട്ടി ഉപ്പുവച്ച കലംപോലെ അടിച്ചടിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ പാർട്ടി കുറെദിവസം മുൻപ് ബംഗാളിൽ തൃണമൂൽ കോൺഗ്രസ്സായി മാറി. ബീഹാറിൽ കോൺഗ്രസ്സ് പാർട്ടിയെല്ലാം ബി.ജെ.പി.യായി. ഇങ്ങനെ ദിവസേന ദിവസേന കോൺഗ്രസ്സ് പാർട്ടി ക്ഷയിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. ടി.എസ്. ജോൺ : നന്നാകാൻ പറഞ്ഞുവെന്നേയുള്ളൂ. നന്നാകുകയില്ലയെന്ന് പറഞ്ഞാൽ എന്തുചെയ്യും?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ഇന്നലെ ശ്രീ. കെ.സി. വേണുഗോപാൽ ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന്റെ ഭാഗമായിട്ടുണ്ടായ സംഭവം കോൺഗ്രസ്സുകാർ തന്നെ ഉണ്ടാക്കിയതാണെന്ന കാര്യം മെമ്പർക്ക് അറിയുമോ?

ശ്രീ. ടി.എസ്. ജോൺ : വിഷയ ദാരിദ്ര്യം കൊണ്ടാണ് ഇവർ എന്നുമെന്നും അടിയന്തിര പ്രമേയവുമായി പോകുന്നത്. ഇന്ന് നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുള്ള രാഷ്ട്രീയ മാറ്റങ്ങൾ, കോൺഗ്രസ്സിന്റെ പാദത്തിന്റെ അടിയിൽ നിന്നുള്ള മണ്ണ് കേരളത്തിൽ നിന്നും ഈ ബില്ല് പാസാകുന്നതോടെ പോയിക്കൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണത്തിലൂടെ ഈ രാജ്യത്ത് ഉണ്ടായിട്ടുള്ള അധികാര വികേന്ദ്രീകരണ നേട്ടങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇലക്ട്രിസിറ്റി രംഗത്ത് ചെറിയ ചെറിയ സ്കീമുകൾ പഞ്ചായത്തുകൾ ഏറ്റെടുക്കാൻ തുടങ്ങിയിരിക്കുന്നു. അത് ചെറിയ കാര്യമാണോ? എല്ലാ മേഖലയിലും പഞ്ചായത്തുകൾ പ്രവർത്തനം ആരംഭിക്കുകയാണ്. പഞ്ചായത്തുകൾക്ക് ധാരാളം അധികാരം കൊടുത്തു. അധികാരം മാത്രമല്ല പണവും കൊടുത്തു. ആ പണം കൊടുത്തപ്പോൾ നിയമത്തിൽ ധാരാളമായി മാറ്റം വരുത്തേണ്ടതായി വന്നു. അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണ് ഈ ലെജിസ്ലേഷൻ കൊണ്ടു വന്നിട്ടുള്ളത്. അതിൽ 34 നിയമങ്ങൾ മാറ്റേണ്ടതായിട്ടുണ്ട്. മൂന്നെണ്ണം റിപ്പീൽ ചെയ്യേണ്ടതായിട്ടും വരും. അതുകൊണ്ട് ഇപ്പോൾ എന്ത് അധികാരങ്ങളാണുള്ളത്? ആശുപത്രി മുഴുവൻ ഭരിക്കുന്നത് അവരാണ്. ആശുപത്രി ഭരണത്തെക്കുറിച്ചു ഒന്ന് വിലയിരുത്തണം. ജനകീയാസൂത്രണത്തിലൂടെയും അധികാരവികേന്ദ്രീകരണത്തിലൂടെയും ധാരാളം കാര്യങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. പി.സി. ജോർജ് : കക്ഷി നേതാവ് ഇവിടെ പറഞ്ഞത് സ്കൂളുകൾ, ആശുപത്രികൾ ഇവയ്ക്കൊക്കെ ത്രിതലപഞ്ചായത്തുസംവിധാനമനുസരിച്ച് പഞ്ചായത്തിനാണ്. അത് പണയം വയ്ക്കാനുള്ള അധികാരം ഇതിനകത്ത് കൊടുത്തിട്ടില്ലാത്തതുകൊണ്ട് ഇത് അധികാരവികേന്ദ്രീകരണം ആവില്ല എന്ന് ഒരു നേതാവ് ഇവിടെ പറഞ്ഞു. ആ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ടി.എസ്. ജോൺ : ശ്രദ്ധയിലുണ്ട്. ഭരിക്കാനുള്ള അധികാരം കൊടുത്താൽ മതി. വിൽക്കാനുള്ള അധികാരം കൊടുക്കണ്ട. അങ്ങനെ പത്തു മുപ്പത്തിയേഴ് നിയമങ്ങൾ ഉണ്ടാക്കി. ജില്ലാ ആശുപത്രികളിലെ അധികാരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം ജില്ലാ പഞ്ചായത്തിനാണ്. താലൂക്ക് ആശുപത്രികളിലെ അധികാരങ്ങൾ ബ്ലോക്ക് പഞ്ചായത്തിനുമാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

അതെല്ലാം ഒന്ന് വിലയിരുത്തേണ്ടതായിട്ടുണ്ട്. എല്ലാം കൊടുത്തിട്ട് നമ്മൾ കാഴ്ചക്കാരായി നോക്കി നിൽക്കാൻ പാടില്ല. ആശുപത്രികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കാത്ത പ്രദേശങ്ങൾ ഉണ്ട്. അത് വിലയിരുത്തി കാര്യക്ഷമമാക്കണം. അതല്ലേ നമ്മുടെ രാജ്യത്ത് ആവശ്യമായിട്ടുള്ളത്? വേറൊരു കാര്യം, ഇപ്പോൾ ഗവൺമെന്റ് കൊടുക്കുന്ന 40 ശതമാനം തുക കൂടാതെ പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനാഗമമാർഗ്ഗവും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ നിയമം പാസാകുന്നതോടെ കേരളാ സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡ് ഇല്ലാതാകുന്നു. ഇല്ലാതാകുമ്പോൾ അതിൽ ഒരു കമ്പനി ഉണ്ടാകുകയാണ്. ആ കമ്പനിയിലൂടെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പണം കിട്ടാനുള്ള ബാദ്ധ്യതയുണ്ടാകുന്നു. അപ്പോൾ എന്തെല്ലാം കാര്യങ്ങൾ ഈ രാജ്യത്ത് നടക്കാൻ പോകുന്നു.? സഹകരണ ബാങ്കുകളിൽ നിന്നും പണം കടമെടുക്കാൻ കഴിയും. അതുപോലെ തന്നെ മറ്റു ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും പണം കടമെടുക്കാൻ കഴിയും. അങ്ങനെ കടമെടുത്തുകൊണ്ട് പഞ്ചായത്തുകൾക്ക് ധാരാളം കാര്യങ്ങൾ നാട്ടിൻപുറങ്ങളിൽ ചെയ്യാനുള്ള സംവിധാനം ഈ നിയമത്തിലൂടെ ഉണ്ടായിട്ടുണ്ട്. അങ്ങനെ സർവ്വതോന്മുഖമായി ഗ്രാമത്തിന്റെ പുരോഗതിക്കു വേണ്ടി ഈ രാജ്യത്ത് ഉണ്ടാക്കിയിരിക്കുന്ന ഒരു വലിയ നിയമമാണ് ഇത്.

<u>ശ്രീ. പാലോട് രവി</u> : അങ്ങയുടെ പാർട്ടിയുടെ വകുപ്പിനെക്കുറിച്ചാണ്. കേരളത്തിലെ ഹൈസ്ക്കൂളുകൾ മുഴുവനും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി, ഈ നിയമസഭ പാസ്സാക്കിയ നിയമം അനുസരിച്ച്, ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി. ആ സ്കൂളുകൾ മുഴുവനും ഇപ്പോൾ ഹയർ സെക്കന്ററിയാക്കി. എന്നിട്ട് അത് ഗവൺമെന്റിലേക്ക് തിരിച്ചു പോവുകയാണ്. ഹയർ സെക്കന്ററി ഉൾപ്പെടെ പ്ലസ് ടു സ്കൂളുകൾ പഞ്ചായത്തുകൾക്ക് കൈമാറാൻ സമ്മതിക്കുമോ?

<u>ശ്രീ. ടി.എസ്. ജോൺ</u> : മുഴുവനും പ്ലസ് ടു ആക്കിയിട്ടില്ല. ആകുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാം. ഞാൻ പറഞ്ഞതു പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി പള്ളിക്കൂടങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ടെങ്കിൽ അവർക്ക് കൊടുക്കുന്നതിൽ എന്താണ് തെറ്റ്? വീഴ്ചകൾ ഉള്ളത് പരിഹരിച്ച് മുന്നോട്ട് പോകണം. സ്കൂളുകൾ കൊടുക്കുന്നത് ഭംഗിയായി അവർ നടത്തുന്നുവെന്ന് ബോദ്ധ്യമായാൽ പ്ലസ് ടു ഉൾപ്പെടെയുള്ളവർക്ക് കൊടുക്കുന്നതിൽ എന്താണു കുഴപ്പം? പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിൽ യാതൊരു തെറ്റുമില്ല. പഞ്ചായത്തുകളും നമ്മളെപ്പോലെ തെരഞ്ഞെടുക്കപ്പെട്ടവരല്ലേ ഭരിക്കുന്നത്? അവർ ഉത്തരവാദിത്വം നിറവേറ്റാനായി മുന്നോട്ടു വരുന്നുണ്ട്. പലതും വിജയിക്കുന്നുണ്ട്. പരാജയമുണ്ടെങ്കിൽ അത് എന്താണെന്ന് വിലയിരുത്തി അത് പരിഹരിച്ച് മുന്നോട്ടു പോകാനുള്ള ശ്രമം നടത്തണം. ഭംഗിയായി ഭരിക്കുന്നുവെന്ന് ബോധം വന്നു കഴിഞ്ഞാൽ സ്കൂളുകളിൽ പ്ലസ്ടു ഉൾപ്പെടെയുള്ളത് പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിൽ യാതൊരു തെറ്റുമില്ല. അങ്ങനെ ഈ രാജ്യത്തെ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കിയ ഒരു ഗവൺമെന്റാണിത്. പറയുക മാത്രമല്ല. എന്തായിരുന്നു പ്രസംഗിച്ചത്? എല്ലാ പ്രസംഗവും കഴിഞ്ഞ പത്തു മുപ്പതു കൊല്ലമായി ഈ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നതാണ് അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് മെമ്പർമാർ ഘോര ഘോരം സംസാരിക്കാറുണ്ടായിരുന്നു. പക്ഷേ അത് യാഥാർത്ഥ്യമായി പ്രാവർത്തികമാക്കിയ ഗവൺമെന്റ് എന്നുള്ളനിലയിൽ അതിന്റെ പ്രസക്തി ഇട തുപക്ഷ ജനാധിപത്യമുന്നണിക്കുണ്ട്. അത് അവകാശപ്പെടാം. അഭിമാനിക്കാം. അതിന്റെ ഫലമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗ്രാമീണ പഞ്ചായത്തു കൾ മൊത്തത്തിൽ തൂത്തു വാരിയെടുക്കും. പഞ്ചായത്തു തെരഞ്ഞെടുപ്പു മാത്രമല്ല, ഇനിയും വരുന്ന തെരഞ്ഞടുപ്പുകളിൽ. ജനകീയമെന്നു കേട്ടാൽ ഇവർക്ക് ഭയമാണ്. ആ ഭയം മാറ്റണം. നമ്മളെല്ലാം കൂടി സഹകരിച്ച് ജനങ്ങൾക്കുവേണ്ട ഭരണസംവിധാനം, ഗ്രാമീണ ജനതയ്ക്കുവേണ്ട ഭരണ സംവിധാനം കാഴ്ച വയ്ക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റിനുവേണ്ടി അവതരി പ്പിച്ചിരിക്കുന്ന ഈ അമെന്റ്മെന്റ് ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. സെബാസ്റ്റ്യൻ പോൾ : സർ, 2000-ത്തിലെ കേരള ഡീ-സെൻട്ര ലൈസേഷൻ ഓഫ് പവേഴ്സ് (ഭേദഗതി) ബിൽ, സെലക്ട് കമ്മിറ്റിയുടെ പരി ഗണനയ്ക്കു അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അത്യ പൂർവ്വമായ നിയമനിർമ്മാണത്തിലാണ് നമ്മൾ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. കേരള നിയമസഭയുടെ എന്നല്ല സമസ്ത നിയമനിർമ്മാണസഭകളുടേയും ചരി ത്രത്തിൽ ഇങ്ങനെ ഒന്ന് ഉണ്ടായിട്ടില്ല. 34 നിയമങ്ങളിൽ നാം ഭേദഗതികൾ വരുത്തുന്നു. 3 നിയമങ്ങൾ റദ്ദാക്കുന്നു. അങ്ങനെ സമഗ്രമായ ഒരു നിയമ നിർമ്മാണമാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. അധികാരവികേന്ദ്രീകരണം അർത്ഥസമ്പൂർണവും യാഥാർത്ഥ്യവുമാക്കുന്നതിനുള്ള സർക്കാരിന്റെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ പ്രതിഫലനമാണ് ഈ [1.00 PM] ബില്ലിൽ കാണുന്നത്. പ്രാചീന യവന നഗരങ്ങളിൽ ഫലപ്രദ മായി നിലനിന്നിരുന്ന പ്രത്യക്ഷ ജനാധിപത്യം പുനഃസൃഷ്ടി ക്കുന്ന ചരിത്രപരമായ പരീക്ഷണമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ത്. ടൂ ടയർ ഡമോക്രസി ഭരണഘടനാഭേദഗതിയിലൂടെ ത്രീ ടയർ ഡമോക്ര സിയായി രൂപാന്തരപ്പെട്ടെങ്കിലും പഞ്ചായത്തുകളിലേയ്ക്ക് അധികാരം ഇനിയും വിനൃസിക്കപ്പെട്ടിട്ടില്ല. അധികാരത്തെക്കുറിച്ച് മൗണ്ട് ബാറ്റൺ പ്രഭു വിന്റെ പ്രസക്തമായ ഒരു പ്രയോഗമുണ്ട്. അധികാരത്തിന്റെ ചരിത്രപരമായ സവിശേഷതയാണ് അദ്ദേഹം സൂചിപ്പിച്ചത്. അധികാരം ദൂഷിക്കും, പരമമായ അധികാരം പരമമായി ദൂഷിക്കും, ഉന്നതങ്ങളിൽ കെട്ടിക്കിടക്കുന്ന അധികാര ത്തിനും ഇതേ അപകടം സംഭവിക്കും. മലമുകളിൽ ശേഖരിക്കപ്പെടുന്ന വെള്ളം സമതലങ്ങളിൽ ഒഴുകി എത്തുമ്പോഴാണ് നാടിനും, നാട്ടുകാർക്കും പ്രയോജനപ്പെടുന്നത്. അധികാരത്തിന്റെ അവസ്ഥയും മറ്റൊന്നല്ല. അധികാര ത്തിന്റെ കേന്ദ്രീകരണം ഏകാധിപത്യത്തിനും, ജനവിരുദ്ധമായ നിലപാടു കൾക്കും വഴിയൊരുക്കുമെന്നതിനാലാണ് അധികാരത്തെ വികേന്ദ്രീകരിക്കുന്ന തിനും, ജനകീയമാക്കുന്നതിനും, ഈ സർക്കാർ പരിശ്രമിക്കുന്നത്. വികേന്ദ്രീ കരണം, ജനകീയം തുടങ്ങിയ പദങ്ങൾ പ്രതിപക്ഷത്തിന് അലർജിയായി തീർന്നിട്ടുണ്ട്. അർത്ഥവും പ്രാധാന്യവും പ്രയോജനവും അറിയാവുന്നതു കൊണ്ടു തന്നെയാണ് ഈ എതിർപ്പ് അവർ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പാലോട് രവി : സർ, സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് നമ്മൾ ഈ ഭേദഗതികളും മറ്റുമൊക്കെ ആലോചിക്കുന്നത്. സെൻ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ശ്രീ. സെൻ ഞങ്ങളുടെ കാലത്ത് പാസാ ക്കിയ, കേരള നിയമസഭ പാസാക്കിയ അധികാര വികേന്ദ്രീകരണബില്ലിനെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ച് പറഞ്ഞത് ഇൻഡ്യയ്ക്ക് മാതൃകയാണെന്നാണ്. ഞാനും ആ സെലക്ട് കമ്മിറ്റിയിൽ ഉണ്ടായിരുന്നതാണ്. അത്ര മാതൃകയായ ഒരു നിയമം പാസാക്കി, നമ്മൾ നടപ്പിലാക്കി. നാല് വർഷക്കാലായി എൽ.ഡി.എഫ്. ഈ സംസ്ഥാനം ഭരിക്കുകയാണ്. സെക്രട്ടേറിയറ്റിലെ സ്റ്റാഫിന്റെ എണ്ണവും, ഫയലുകളുടെ എണ്ണവും, അഡീഷണൽ സെക്രട്ടറിമാരുടേയും, ജോയിന്റ് സെക്രട്ടറിമാരുടേയും എണ്ണവും കൂടുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : അതിനുമാറ്റം വരുത്തുകയെന്നതു തന്നെയാണ് ഈ നിയമനിർമ്മാണത്തിലൂടെയും ഇതരനടപടികളിലൂടെയും നാം ലക്ഷ്യമിടുന്നത്. സെക്രട്ടേറിയറ്റിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരം വികേന്ദ്രീകരിക്കപ്പെടണം. സെക്രട്ടേറിയറ്റിൽ സെക്രട്ടറിമാരുടെ എണ്ണം വർദ്ധിക്കുന്നു തുടങ്ങിയ കാര്യങ്ങളൊക്കെ പറഞ്ഞല്ലോ അത് ആലോചിക്കേണ്ട വിഷയം തന്നെയാണ്. ശ്രീ. രവി പറഞ്ഞതിനോട് ഞാൻ വ്യക്തിപരമായി യോജിക്കുകയാണ്. ആ യോജിപ്പ് അധികാര വികേന്ദ്രീകരണത്തിൽ തന്നെ അവസാനിക്കണം എന്നാണ് ഞങ്ങൾ പറയുന്നത്. നിയമത്തിന് ഒരു പ്രത്യേകതയുണ്ട്. നിയമശേഖരം, സ്റ്റാറ്റ്യൂട്ട് ബുക്ക്, കാലാകാലങ്ങളിൽ നവീകരിക്കപ്പെടുന്നില്ല. എങ്കിൽ നിയമങ്ങൾ പലതും പ്രയോജന രഹിതവും അർത്ഥരഹിതവുമായിത്തീരും. നിയമനിർമ്മാണസഭകൾ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ഒരു ഉദാഹരണം പറയട്ടെ. 1950-ൽ ഭരണഘടന നിലവിൽ വന്നപ്പോൾ Freedom of speech and Expression, സംസാരിക്കുന്നതിനും അഭിപ്രായപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം, മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. ആ അവകാശങ്ങളിൽ Right to know അറിയുന്നതിനുള്ള അവകാശം, കൂടി ഉൾപ്പെടുന്നുണ്ടെന്ന് പിൽക്കാലത്ത് സുപ്രീം കോടതി വിശദമാക്കി. പക്ഷെ ആ അവകാശം, ജനാധിപത്യത്തിൽ ഏറ്റവും മൗലികമായ അവകാശം, പ്രായോഗിക തലത്തിൽ അനുഭവിക്കാൻ കഴിയാത്ത വിധത്തിൽ മുക്കാൽ നൂറ്റാണ്ടു മുൻപ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത്, പാസാക്കപ്പെട്ട പ്രാകൃതമായ ഒരു നിയമം, ഒഫിഷ്യൽ സീക്രട്ട്സ് ആക്ട്, ഇന്നും നിലനിൽക്കുകയാണ്. ഇത്തരം ദുർവിധി ഒഴിവാക്കുന്നതിനുവേണ്ടിയാണ് നിലവിലുള്ള 34 നിയമങ്ങളിൽ കാലോചിതമായി ഭേദഗതി വരുത്തിക്കൊണ്ടും 3 നിയമങ്ങൾ റദ്ദാക്കിക്കൊണ്ടുമുള്ള ഒരു ബിൽ നമ്മുടെ മുന്നിൽ എത്തിയിരിക്കുന്നത്. ഭരണഘടനയ്ക്കും കേരളസംസ്ഥാനരൂപീകരണത്തിനു മുൻപും, പിൻപുമുള്ള നിയമങ്ങൾ അക്കൂട്ടത്തിലുണ്ട്. മദ്രാസ്, മലബാർ, തിരു-കൊച്ചി എന്നിങ്ങനെ കാലഹരണപ്പെട്ട പേരുകളിൽ അറിയപ്പെടുന്ന നിയമങ്ങൾ ഉണ്ട്. ഇവയത്രയും കാലോചിതമാകണമെങ്കിൽ സമഗ്രവും, സമ്പൂർണവുമായ നവീകരണം ആവശ്യമാണ്. പരിമിതമായ ലക്ഷ്യത്തോടെയാണെങ്കിലും അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് വ്യാപകമായ ആഘാതവും പ്രത്യാഘാതവും ഉണ്ടാക്കാൻ പര്യാപ്തമാണ് ഈ ബിൽ. നിയമനവീകരണ എന്ന തുടർച്ചയായ പ്രക്രിയയിൽ ഈ ബിൽ കാതലായ നാഴികക്കല്ലായിരിക്കും. നോക്കുകുത്തികൾ എന്ന പരിഹാസ്യ പദവിയിൽ നിന്ന് നമ്മുടെ പഞ്ചായത്തുകളെ ഉയർത്തി ജീവനും ചലനവുമുള്ള ജനാധിപത്യ സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2000-

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ കേരള ഡീ-സെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബില്ലിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആ ബിൽ സർക്കുലേറ്റ് ചെയ്യുകയോ സെലക്ട് കമ്മിറ്റിക്ക് വിടുകയോ ഏതെങ്കിലും ഒന്ന് വേണമെന്നാണ് എന്റെ അഭിപ്രായം. ഇന്ന് രാവിലെ നടന്ന ഡിബേറ്റിനെ തുടർന്ന് എന്റെ ഭേദഗതി അംഗീകരിച്ചാലേ ഇത് പ്രയോഗത്തിൽ വരുത്താൻ പ്രായോഗികമായി കഴിയൂ എന്ന് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ഇത് വിവിധ വകുപ്പുകളുടെ അതും തിരു-കൊച്ചി, മലബാർ, മദ്രാസ് ഒക്കെ ചേർത്ത് ഉണ്ടായിട്ടുള്ള നിയമങ്ങൾ അതും മിക്കവാറും എല്ലാ വകുപ്പുകളുമായും ബന്ധപ്പെട്ട് ആ സാഹചര്യത്തിൽ ഇത് സെലക്ട് കമ്മിറ്റിക്ക് തന്നെ വിടണം. ഒരു പ്രത്യേക കാര്യം, ബഹുമാനപ്പെട്ട സ്പീക്കർ ചില കീഴ്വഴക്കങ്ങളൊക്കെ പറഞ്ഞു എങ്കിലും സെലക്ട് കമ്മിറ്റിക്ക് വിടുന്നതിൽ ഒട്ടേറെ പ്രസക്തിയുണ്ട്. കാരണം അമെന്റ്മെന്റ് എന്നുള്ളത് മാറി. ഇപ്പോൾ അധികാര വികേന്ദ്രീകരണനിയമം എന്നാക്കി മാറ്റിയിരിക്കുകയാണ്. ഒരു അമെന്റ്മെന്റ് ബില്ലാണെങ്കിൽ സ്വാഭാവികമായും അതൊരു സബ്ജക്ട് കമ്മിറ്റിക്ക് വിടാം. ഇതതല്ല, ഇതൊരു പുതിയ നിയമമായി കൊണ്ടുവന്നിരിക്കുകയാണ്. ആ സാഹചര്യത്തിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള എന്റെ നിർദ്ദേശത്തിന് വളരെയേറെ പ്രസക്തിയുണ്ട്. ആ നിലയിലാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച്, അത് ആരാണ് നടത്തിയത് എന്നതിനെ സംബന്ധിച്ച് തർക്കങ്ങളൊക്കെയുണ്ട്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. അധികാര വികേന്ദ്രീകരണം ശരിയായ രീതിയിൽ നടത്തിയത് കോൺഗ്രസ്സ് ഗവൺമെന്റാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവന്നപ്പോൾ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ തന്നെ കൊണ്ടുവന്ന നിയമം, അന്ന് അദ്ദേഹത്തിന് രാജ്യസഭയിൽ അത് പാസാക്കിയെടുക്കാൻ കഴിയാതിരുന്ന സാഹചര്യം നമ്മുടെ മുൻപിലുണ്ട്. അതിനുശേഷം ശ്രീ. നരസിംഹ റാവു പ്രധാനമന്ത്രിയായി വന്ന്, അദ്ദേഹം ചില നീക്കുപോക്കുകൾ നടത്തിയതിനുശേഷമാണ് സി.പി.എം. അടക്കമുള്ള ഇടതുപക്ഷ കക്ഷികൾ അതിനോട് യോജിച്ച് ഒരു നിയമനിർമ്മാണം ഇന്ത്യാ രാജ്യത്ത് പാസ്സാക്കാൻ കഴിഞ്ഞത്. അധികാരവികേന്ദ്രീകരണം ഏറ്റവും വലിയ സ്വപ്നമായി കണ്ട രാജീവ് ഗാന്ധിക്ക് അദ്ദേഹത്തിന്റെ ആ നിയമനിർമ്മാണം കൃത്യമായി നടപ്പാക്കാൻ അന്നത്തെ ഇടതുപക്ഷ കക്ഷികൾ തയ്യാറായില്ല. സഹകരിച്ചില്ല. അതിനുശേഷം ചില ഭേദഗതികൾക്കുവേണ്ടി അവർ ശഠിച്ചു. ആ ഭേദഗതികൾ അംഗീകരിക്കപ്പെട്ടതിനുശേഷം മാത്രമാണ്. ശ്രീ. നരസിംഹറാവുവിന് ആ നിയമം കൊണ്ടുവരാൻ കഴിഞ്ഞത്. 1992-ൽ ആ ഭേദഗതികൾ പാസാക്കി. ഭരണഘടനാ ഭേദഗതി തന്നെ ഉണ്ടായി. 1994-ൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ അത് ഇവിടെ നടപ്പാക്കി. അത് ജനങ്ങൾക്ക് കൈമാറിക്കൊണ്ട് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. ആ നിലയിൽ അധികാരവികേന്ദ്രീകരണം കൊണ്ടുവന്ന കോൺഗ്രസ്സും, യു.ഡി.എഫും. അതിനെ എതിർക്കുന്നു, ജനകീയാസൂത്രണത്തെ എതിർക്കുന്നു എന്ന നിലയിൽ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി.എസ്. ജോൺ ഇവിടെ സംസാരിക്കുകയുണ്ടായി. ഒരിക്കലും ഞങ്ങൾ ആ നിലയിൽ ഇതിനെ വീക്ഷിക്കുന്നില്ല. അധികാരവികേന്ദ്രീകരണത്തിനു വേണ്ടി നിലകൊണ്ടു എന്നുമാത്രമല്ല, ജനകീയാസൂത്രണത്തെ ഞങ്ങൾ അനുകൂലിക്കുന്നവരാണ്. പക്ഷെ ജനകീയാസൂത്രണത്തിലെ അപാകതകൾ ഞങ്ങൾ പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. ആ രംഗത്ത് വരുന്ന അഴിമതികളെ കുറിച്ച് ഞങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. അഴി

LIBRARY ARCHIVES Kerala Legislative Assembly

മതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ഇവിടെ ഉണ്ട്. അദ്ദേഹത്തിനറിയാമല്ലോ പെർഫോർമെൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് എല്ലാ ആഡിറ്റുകളുടെയും റിപ്പോർട്ടുകൾ വന്നപ്പോൾ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നത് വെളിച്ചത്ത് വന്നില്ലേ? റിപ്പോർട്ട് കിട്ടി മൂന്നു മാസത്തിനകം അത് നിയമസഭയിൽ വയ്ക്കണമെന്ന് നിയമമുണ്ട്. പക്ഷെ ഇന്നു വരെ നിയമസഭയിൽ വയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. കഴിഞ്ഞ പ്രാവശ്യം ഇതിനെ സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തുകളുടെ ഭേദഗതികളെ സംബന്ധിച്ച് നടന്ന ചർച്ചയിൽ പറഞ്ഞു, എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി അതിന് വ്യക്തമായ മറുപടി നൽകിയില്ല. എന്തുകൊണ്ടാണ് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കാത്തത്? ഒട്ടേറെ അഴിമതികൾ ഈ രംഗത്ത് നടന്നു. പല സി.പി.എം. പ്രസിഡന്റുമാരും മെമ്പർമാരും അകത്താകും, ആ ഭയംമൂലം ആ റിപ്പോർട്ടുകൾ ഒന്നും വെളിച്ചം കണ്ടിട്ടില്ല.

<u>ശ്രീ. കെ. ബാബു</u> : സർ, ഈ ഗവൺമെന്റ് അധികാരവികേന്ദ്രീകരണം പോലെതന്നെ അഴിമതിയും വികേന്ദ്രീകരിച്ച് വാർഡുതലം വരെ എത്തിച്ച ഒരു ഗവൺമെന്റാണ് എന്നത് ജോയിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ അതുതന്നെയാണ് പറഞ്ഞത്, ആദ്യം ചില വർക്കുകൾ ടെൻഡർ ചെയ്തത് ചില ഉദ്യോഗസ്ഥന്മാരും, കോൺട്രാക്ടർമാരുമായിട്ടായിരുന്നു പങ്കിട്ടിരുന്നത്. ഇന്ന് അത് വ്യാപകമായി, അതിലെ ചില അപാകതകളാണ് ഞങ്ങൾ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആ അപാകതകൾ ചൂണ്ടിക്കാണിച്ചപ്പോൾ ജനകീയാസൂത്രണത്തെ എതിർക്കുന്ന ഒരു രീതിയായി കാണിച്ച് ഇടതുപക്ഷജനാധിപത്യമുന്നണിയും അതിലെ അംഗങ്ങളും പറയുന്നത് ശരിയല്ല, ഇതു പറയാൻവേണ്ടിയാണ് ഞാൻ ഇതു സൂചിപ്പിച്ചത്. ഇവിടെ ഏതാനും ചില ഭേദഗതികൾ കൊണ്ടുവന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : ഇവിടെ രണ്ടു ബില്ലുകൾ അവതരിപ്പിച്ചു അതിൻമേലുള്ള ചർച്ചയാണ് നടക്കുന്നത്. ഈ രണ്ടു ബില്ലുകളും അധികാരവികേന്ദ്രീകരണമെന്നു പറഞ്ഞാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് അങ്ങേയ്ക്കറിയാമല്ലോ, ഈ രണ്ടു ബില്ലുകളും യഥാർത്ഥത്തിൽ വികേന്ദ്രീകരണം ഉദ്ദേശിച്ചുകൊണ്ട് വന്നതല്ലെന്നും മറിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്തുവരുമ്പോൾ തങ്ങൾ അധികാരം കൊടുക്കുന്നുവെന്ന് രാഷ്ട്രീയമായ ലക്ഷ്യം വച്ചുകൊണ്ട് യാതൊരു പഠനങ്ങളും ദീർഘവീക്ഷണവുമില്ലാതെ കൊണ്ടുവന്ന ബില്ലുകളാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ അതിലേയ്ക്കു വരികയാണ്. ഈ ഗവൺമെന്റിന് അധികാര വികേന്ദ്രീകരണത്തിൽ യാതൊരു ആത്മാർത്ഥതയുമില്ല. ആത്മാർത്ഥത ഇല്ലാത്തതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് ഇത്. ഇവിടെ ഡീ-സെൻട്രലൈസേഷൻ ഇല്ല, പവർ ഡെലിഗേഷനാണ്. ശ്രീ. ജോണി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഒരു ഡെലിഗേഷനെന്നുള്ളതിൽ കവിഞ്ഞ് പ്രത്യേകിച്ച് ഡീ-സെൻട്രലൈസേഷൻ എന്നുള്ള നിലയിൽ ഒരു നിയമനിർമ്മാണവും ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞില്ല. ശരിയായ രീതിയിൽ ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി, ആ കമ്മിറ്റിറിപ്പോർട്ട് എന്നു കിട്ടിയതാണ്? 1997-98 വർഷക്കാലത്തിൽ ലഭിച്ച ആ റിപ്പോർട്ട് രണ്ടുവർഷക്കാലം പിന്നിട്ടിട്ടും ഇപ്പോൾ ധൃതിപിടിച്ച് ഈ പഞ്ചായത്ത് ആക്ടുകൾ ഭേദഗതിയായി കൊണ്ടുവന്നത് ആത്മാർത്ഥമായിട്ടാണോ? എത്രയോ അസംബ്ലിയോഗങ്ങൾ ഇവിടെ നടന്നു. നിങ്ങൾക്ക് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥതയും ഇല്ലെന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണിത്. സർ, പയ്യാവൂർ പഞ്ചായത്തിൽ ഒരു കൂറുമാറ്റമുണ്ടായി, ആ കൂറുമാറ്റവുമായി ബന്ധപ്പെട്ട് ഉണ്ടായ വിഷയം, ഈ സംസ്ഥാനത്തെ ചീഫ് സെക്രട്ടറിയെ വരെ കോടതിമുൻപാകെ കൈയും കെട്ടി നിറുത്തിച്ചു. നിങ്ങളുടെ ആത്മാർത്ഥത യാണ് ഞാൻ പറയുന്നത്. എന്തൊരു ധൃതിപിടിത്ത ഒരു നിയമനിർമ്മാണ മാണ്. പയ്യാവൂർ/പഞ്ചായത്ത് മോഡൽ ബില്ലെന്ന് അതിനെ വിശേഷിപ്പിക്കേണ്ടിവന്നു. പയ്യാവൂർ തിരഞ്ഞെടുപ്പിൽ നടന്ന അഴിമതിയുമായി ബന്ധപ്പെടുത്തി ധൃതിപിടിച്ച് നിയമം പാസ്സാക്കിയെങ്കിലും ആ നിയമം നടപ്പിലാക്കാനുള്ള റൂൾസ് തയ്യാറാക്കാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? വർഷമൊന്നു കഴിഞ്ഞില്ലേ? അധികാരവും പണവും ഉപയോഗിച്ച് മെമ്പർമാരെ കാലുമാറ്റിയതിൽ നിങ്ങളാണ് മുൻപിലെന്ന് വൈകി മനസ്സിലാക്കി വൈകിമനസ്സിലാക്കിയതുകൊണ്ട് ഇപ്പോൾ നിങ്ങൾ റൂൾസ് ഉണ്ടാക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തുന്നു. അതുകൊണ്ടുതന്നെ ഇപ്പോഴത് നടപ്പിലാക്കാൻ പറ്റാതിരിക്കുകയാണ്. ഇലക്ഷൻ കമ്മീഷൻ എത്രയോ ഹിയറിംഗ് നടത്തി. എത്രയോ അംഗങ്ങളെ അയോഗ്യരാക്കുന്ന നിയമമാണ് നിങ്ങൾ ഉണ്ടാക്കിയത്. എല്ലാം പെൻഡിംഗിൽ വച്ചിരിക്കുകയാണ്. എന്തുകൊണ്ടാണ്, റൂൾസില്ല. ഞാൻ പറഞ്ഞില്ലേ, നിങ്ങളുടെ ആത്മാർത്ഥത എവിടെയാണ്? നിങ്ങൾക്ക് ഈ അധികാരവികേന്ദ്രീകരണം നടത്തുന്നതിനുമില്ല ആത്മാർത്ഥത. ഇതു പ്രാവർത്തികമാക്കുന്നതിലുമില്ല ആത്മാർത്ഥത. ഞാനൊന്നു ചോദിക്കട്ടെ, ഇപ്പോൾ ചില അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നുവെന്ന് പറയുന്നു. ഇപ്പോൾ കൊടുത്തിട്ടുള്ള അധികാരങ്ങൾ നടപ്പിലാക്കാൻ അവിടെ സ്റ്റാഫുണ്ടോ? ഇവിടെ കർഷകത്തൊഴിലാളി പെൻഷൻ, ഉൾപ്പെടെ വിവിധ പെൻഷൻ പദ്ധതികൾ പ്രാവർത്തികമാക്കാൻ സ്റ്റാഫിന് കഴിയുന്നില്ല. അവർക്ക് കഴിയാത്തത് മറ്റൊന്നുംകൊണ്ടല്ല. അവർക്ക് സ്റ്റാഫില്ല. ഇതിനെ സംബന്ധിച്ച് ഈ സഭയിലും നേരിട്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തും ഗവൺമെന്റിന്റെ അടുത്തും പല അംഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നും അതിന് ഒരു തീരുമാനം എടുത്തിട്ടില്ല. അധികാരം കൈമാറുമ്പോൾ സ്വാഭാവികമായും സ്റ്റാഫിനെ കൊടുക്കണം. നിങ്ങൾക്ക് ആത്മാർത്ഥതയില്ല എന്നുള്ളതിന് മറ്റൊരു ഉദാഹരണമാണ്. സെക്രട്ടേറിയേറ്റിലുള്ള ജീവനക്കാരെ സംബന്ധിച്ചും മറ്റെല്ലാക്കാര്യങ്ങളെ സംബന്ധിച്ചും ആവശ്യമായ പരിശോധന നടത്തി എത്രയുംവേഗം പഞ്ചായത്തുകളിലേയ്ക്ക് ആളുകളെ കൊടുക്കുമെന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. പക്ഷെ ഒറ്റയാളെ കൊടുക്കാനുള്ള നടപടിയെടുത്തിട്ടില്ല. 1994-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്ന നിയമവും ആ നിയമത്തിനനുസരിച്ച് ഗവൺമെന്റ് കൊടുത്തിട്ടുള്ള അധികാരങ്ങളുമല്ലാതെ എന്ത് അധികാരമാണ് ഈ ഗവൺമെന്റ് കൊടുത്തത്. കാര്യമായ അധികാരങ്ങളൊന്നും കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ആരോഗ്യവകുപ്പ് , കൃഷി വകുപ്പ് തുടങ്ങി ഒട്ടേറെ വകുപ്പുകളിൽ ഒരുപാട് അധികാരങ്ങൾ ഞങ്ങൾ താഴോട്ടുകൈമാറി. ആ അധികാരങ്ങൾ വച്ചുകൊണ്ടാണ് ഇന്ന് വാസ്തവത്തിൽ പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്. നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെയല്ല പ്രവർത്തിക്കുന്നത്. ജോൺസാർ ഓരോ പഞ്ചായത്തിലേയും വസ്തുതകൾ മനസ്സിലാക്കണം. മൃഗസംരക്ഷണം, കൃഷി, ആരോഗ്യം തുടങ്ങി ആഭ്യന്തരവകുപ്പ് ഒഴിച്ചുള്ള മിക്കവാറും എല്ലാ വകുപ്പുകളും, അധികാരങ്ങൾ താഴോട്ട് കൈമാറിയിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഇപ്പോൾ കൊടുക്കാനുള്ള ആലോചനയുടെ ഭാഗമാണല്ലോ ജനകീയ പോലീസ്. ആ താഴോട്ട് കൈമാറിയ അധികാരങ്ങൾ പൂർണ്ണമായി നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കാനുള്ള അവസരങ്ങൾ ഈ ഗവൺമെന്റ് ഒരുക്കിക്കൊടുക്കുന്നില്ല. അവിടെയാണ് ഞങ്ങളുടെ പരാതി, അല്ലാതെ ജനകീയാസൂത്രണത്തെ അടച്ച് എതിർക്കുന്ന ഒരു നിലപാട് കോൺഗ്രസ്സോ ഐക്യജനാധിപത്യമുന്നണിയോ എടുത്തിട്ടില്ല. ജനകീയാസൂത്രണം എങ്ങനെയാണ് വന്നത്, അതു വന്നത് ഇൻഡ്യാരാജ്യത്ത് നടന്ന ഭരണഘടനാ ഭേദഗതിയിൽ ഗ്രാമസഭയെന്നു പറയുന്ന ഒരു സംവിധാനമുണ്ടായി. ഗ്രാമസഭയെന്നു പറയുന്നത് ഒരു വാർഡിലെ മുഴുവൻ വോട്ടർമാരേയും വിളിച്ചുകൂട്ടിക്കൊണ്ടുള്ള ഒരു യോഗമാണ്. അത് കേരളത്തിലുണ്ടാക്കിയ നിയമത്തിന്റെ ഭാഗമാണോ? ഏതെങ്കിലും സന്ദർഭത്തിൽ നിങ്ങളുണ്ടാക്കിയ നിയമത്തിന്റെ ഭാഗമാണോ? കേന്ദ്രത്തിൽ അധികാരത്തിൽ ഇരുന്ന നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്തു കൊണ്ടുവന്ന ഭരണഘടനാഭേദഗതി പ്രകാരമാണ് ഈ ഗ്രാമസഭകൾക്ക് രൂപം കൊടുത്തിട്ടുള്ളത്. നിങ്ങളതിന് ഒരു ഓമനപ്പേരിട്ടു. നിങ്ങളിട്ട ഓമനപ്പേര്, ജനകീയാസൂത്രണം എന്നുപറഞ്ഞാൽ ജനങ്ങളെ ആസൂത്രണം ചെയ്യാൻവേണ്ടി വളരെ ദീർഘവീക്ഷണത്തോടുകൂടി രാജീവ് ഗാന്ധി വിഭാവനംചെയ്ത, അല്ലെങ്കിൽ രൂപകൽപ്പനചെയ്ത ആ നിയമം, പിന്നീട് നരസിംഹറാവുവിന്റെ കാലത്തു കൊണ്ടുവന്ന നിയമം, ആ നിയമത്തിന്റെ ഭാഗമായി കൊണ്ടുവന്ന ഗ്രാമസഭകൾ അതിന് നിങ്ങൾ ജനകീയാസൂത്രണം എന്നു പേര് കൊടുത്തു.

<u>ശ്രീ. ടി.എസ്. ജോൺ</u> : ഗാന്ധിജി പറഞ്ഞിട്ടുണ്ട്, രാജീവ് ഗാന്ധി പറഞ്ഞിട്ടുണ്ട്, പക്ഷെ അത് നടപ്പിലാക്കാൻ ഇവിടെ ശ്രീ. പാലൊളി വരേണ്ടിവന്നു.

<u>ശ്രീ. പി.ജെ. ജോയി</u> : നിങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. നിങ്ങൾ കഥയറിയാതെ ആട്ടം കാണുകയാണ്. അന്ന് രാജീവ്ഗാന്ധി കൊണ്ടുവന്നത് പാസ്സാകാതിരുന്നതിന് കാരണം ബഹുമാനപ്പെട്ട ശ്രീ. ടി.എസ്. ജോണിനറിയാമല്ലോ. ശ്രീ. നരസിംഹറാവു കൊണ്ടുവന്ന നിയമം, അത് കേരളത്തിൽ നടപ്പിലാക്കിയത് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്. അന്നത്തെ ക്യാബിനറ്റ് കൂടി തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണ് അധികാരങ്ങൾ കൈമാറിയത്. അത് അറിയാതെ ജോൺസൺ ഇങ്ങനെ സംസാരിക്കുന്നത് ശരിയല്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) : സർ, രാജീവ് ഗാന്ധി അവതരിപ്പിച്ച ഈ ബിൽ പാർലമെന്റിൽ പാസാക്കാൻ കഴിയില്ല. ആ ബിൽ ശരിയായിരുന്നുവെങ്കിൽ രണ്ടാമത് നരസിംഹറാവു അതിൽ ഭേദഗതി വരുത്തേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ?

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ പറയാം, അതിനകത്ത് നേരിട്ട് പ്രസിഡന്റുമാരേയും ചെയർമാൻമാരേയും മേയർമാരേയും തെരഞ്ഞെടുക്കണമെന്നുള്ള ഭേദഗതി, ആ ഭേദഗതിയെ നിങ്ങൾ എതിർത്തു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : രാജീവ് ഗാന്ധിയുടെ ബില്ലിന് അന്ന് ഇടതുപക്ഷം എതിർത്തു. അത് രണ്ടു കാര്യങ്ങളാലാണ്. ഒന്ന് ഓഡിറ്റ്, സി.എ.ജി. ആയി രക്കണമെന്നു പറഞ്ഞിരുന്നു. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് അംഗമായിട്ടുള്ള അശോക് കമ്മിഷൻ റിപ്പോർട്ടിൽ അത് മോഡൽ കോൺസ്റ്റിറ്റ്യൂഷനിൽത്തന്നെ കൊടുത്തിരിക്കണമെന്നുണ്ട്. അതിൽ ഇ.എം.എസ്. അംഗമായിരുന്നു. മൊറാർജി ദേശായിയുടെ കാലത്തുണ്ടാക്കിയതാണ്. അതിലും പറഞ്ഞത് സി.എ.ജി. ആഡിറ്റ് ചെയ്യണമെന്നാണ്. എന്നുമാത്രമല്ല 1971-ലെ സി.എ.ജി.യുടെ പവേഴ്സ് ആന്റ് ഡ്യൂട്ടിസ് ആക്ട് അനുസരിച്ച് ഒരു സ്കീമിന്റെ എഴുപത്തിയഞ്ചു ശതമാനമോ എഴുപത്തിയഞ്ചുലക്ഷമോ ഒക്കെ വരുന്നത് സി.എ.ജി. ആഡിറ്റു ചെയ്യണമെന്നാണ്. ഇത് ഒഴിവാക്കാനാണ് അങ്ങ് പറഞ്ഞത്. രണ്ടാമതൊരു കാര്യം പറഞ്ഞത്,

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ ഇലക്ഷൻ കമ്മീഷനെ പറ്റിയാണ്. in consultation with the Central Election Commission, in consultation എന്നു പറഞ്ഞാൽ ഇവിടെ തന്നെ ലോകായുക്തയിൽ ആളെ വെയ്ക്കണമെങ്കിൽ in consultation with the Leader of Opposition ആണ്. കൺസൾട്ട് ചെയ്താൽ മതി. നമുക്ക് ഇഷ്ടമുള്ളവരെ വയ്ക്കാം. വളരെ ചെറിയ രണ്ട് കാര്യങ്ങൾ പറഞ്ഞപ്പോൾ ബോധപൂർവ്വം അതിനെ തകർക്കാൻവേണ്ടി ഇടതുപക്ഷക്കാർ ചെയ്തതാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ അതുതന്നെയാണ് പറഞ്ഞത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ ചോദിക്കുന്നത് അതല്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകണ്ട. രാജീവ്ഗാന്ധി ആ ബിൽ പാർലമെന്റിൽ കൊണ്ടുവരുന്ന സമയത്ത് അത് നല്ല ബിൽ ആയിരുന്നു, ശരിയായിരുന്നു എന്ന ഉത്തമ ബോദ്ധ്യം ഉണ്ടായിരുന്നെങ്കിൽ പിന്നീട് അതിൽ ഭേദഗതി വരുത്തേണ്ട കാര്യം എന്തായിരുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എങ്ങനെയായാലും പാസ്സായിക്കൊള്ളണം എന്നുള്ള കോൺഗ്രസ്സിന്റെ നിർബന്ധംകൊണ്ട്, ഈ രണ്ട് ബില്ലിലും ചെറിയ ഭേദഗതി വരുത്തിയെങ്കിലും കൊണ്ടുവരണം എന്നതുകൊണ്ടല്ലേ കോൺഗ്രസ്സ് അത് ചെയ്തത്.

ശ്രീ. പി.ജെ. ജോയി : സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് അറിയാമല്ലോ രാജ്യസഭയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം കോൺഗ്രസ്സിന് അന്നില്ല. കോൺഗ്രസ്സിന് അത് ഉണ്ടായിരുന്നെങ്കിൽ നിങ്ങളെ ഞങ്ങൾ അംഗീകരിക്കാതെ ഈ സി.എ.ജി. റിപ്പോർട്ടും നേരിട്ട് ചെയർമാനെയും, പ്രസിഡന്റിനേയും, മേയർമാരേയും തിരഞ്ഞെടുക്കാനുള്ള പരിപാടികളൊക്കെ വെച്ചേനെ. വളരെ നല്ല നിയമങ്ങൾ ആയിരുന്നു അത്. ആ നടപടി ഇപ്പോൾ അത് അന്ന് വരേണ്ടി വന്നതിൽ മാറ്റം വരുത്തിയെങ്കിലും അംഗീകരിക്കണ്ടേ; അംഗീകരിച്ച് മുന്നിൽ രണ്ട് കിട്ടട്ടെ എന്ന് കരുതി മാത്രം ചെയ്തതാണ്. അംഗീകരിക്കേണ്ടി വന്നു. അല്ലെങ്കിൽ അത് രാജ്യസഭയിൽ പാസാകില്ല.

ശ്രീ. ടി.കെ. ബാലൻ : സർ, ഇവിടെ അശോക് മേത്ത കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് വരെ തെറ്റിധാരണ *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* ഉണ്ടാക്കത്തക്ക വിധത്തിലാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് 2-ാം തവണയും സഭയിൽ പറയുന്നത്. യഥാർത്ഥത്തിൽ ശ്രീ. അശോക് മേത്ത കമ്മീഷൻ റിപ്പോർട്ടിൽ ഡിസന്റിംഗ് നോട്ട് എഴുതിയിട്ടുള്ളത് ഇ.എം.എസ് മാത്രമാണ്. ആ ഡിസന്റിംഗ് നോട്ടിൽ വ്യക്തമായി കേന്ദ്രത്തിന്റെ ആഡിറ്റ് കേന്ദ്രത്തിന്റെ ഇലക്ഷൻ കമ്മീഷൻ നേരിട്ട് കേന്ദ്രം പഞ്ചായത്തുകളിലേക്ക് പണം റിലീസ് ചെയ്യുന്നു. ഇതൊക്കെ തന്നെയാണ് ശ്രീ. രാജീവ് ഗാന്ധിയുടെ ബില്ലിലും ഉണ്ടായിരുന്നത്. അതിനെതിരെയാണ് കേരളത്തിലെ ഇടതുപക്ഷങ്ങളും, പ്രതിപക്ഷങ്ങളും എതിർത്തത്. ശ്രീ. നരസിംഹറാവു ക്ലോസുകൾ ഇല്ലാതാക്കിയപ്പോഴാണ് ഐകകണ്ഠ്യേന 1992-ൽ ഇൻഡ്യൻ പാർലമെന്റ് അംഗീകരിച്ചത്. ആ വസ്തുത ശ്രീ. ആര്യാടൻ മുഹമ്മദ് ടിസ്റ്റ് ചെയ്യുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, രാജീവ് ഗാന്ധിയുടെ ബില്ലിൽ നേരിട്ട് പണം നൽകാനുള്ള യാതൊരു വ്യവസ്ഥയും ഇല്ലായിരുന്നു. അതേ അവസരത്തിൽ ആ ബിൽ തള്ളിപ്പോയശേഷം ജെ.ആർ.വൈ ഫണ്ടിൽ പഞ്ചായത്തുകൾക്ക് കൊടുത്ത പണം വെസ്റ്റ് ബംഗാൾ ഉൾപ്പെടെയുള്ള ഗവൺമെന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെത്തന്നെ 2,000 കോടിയിൽപ്പരം രൂപയാണ്. റ്റി.പി. അക്കൗൺഡിൽ ഇട്ടത്. അതാണ് സി.എ.ജി. പിടിച്ചത്. അതുപോലെ സംസ്ഥാന ഗവൺമെന്റുകൾ അതു ചെയ്തപ്പോൾ നേരിട്ട് കൊടുക്കാനുള്ള ഒരു ഏർപ്പാട് ഈ ബിൽ പരാജയപ്പെട്ടതിന് ശേഷമാണ് കൊണ്ടുവന്നതെന്നും, ശ്രീ. അശോക് മേത്ത കമ്മീഷനിൽ കേരളത്തിന്റെ കാര്യം പറഞ്ഞ് ശ്രീ. ഇ.എം.എസ്. യാതൊരു ഡിസന്റും എഴുതിയിട്ടില്ല എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി.ജെ. ജോയി : സർ, ശ്രീ. അശോക് മേത്ത കമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടെ കിട്ടുമല്ലോ. അത് ശ്രീ. ബാലേട്ടന് വായിച്ചാൽ മനസ്സിലാകുമല്ലോ?

മി. സ്പീക്കർ : ചെയറിനു ഒരു കാര്യം പറയാനുള്ളത്, നമുക്ക് ഇന്ന് 1.30 വരെ സഭ കൂടിയിട്ട് അടുത്ത ദിവസം ചർച്ച തുടരാവുന്നതാണ്. അതിൽ ഒരു നിർദ്ദേശം വന്നിരിക്കുന്നത്, നിങ്ങൾ എല്ലാവരും ആലോചിക്കാൻവേണ്ടി പറയുകയാണ്. ഭേദഗതികൾ എല്ലാം കഴിഞ്ഞാൽ ശ്രീ. പി.പി. തങ്കച്ചനാണ് സംസാരിക്കേണ്ടത്. അത് കഴിഞ്ഞാൽ ഉള്ള സമയം ഡിവൈഡ് ചെയ്ത് പാർട്ടി അടിസ്ഥാനത്തിൽ ഒരു ചർച്ച ആകാമോ എന്നു ചോദിച്ചു. എങ്ങനെയാണ് വേണ്ടതെന്ന് ആലോചിച്ചു പറയുക. ചെയറിനു പ്രത്യേകിച്ച് ഒന്നും പറയാനില്ല. ഇന്നത്തെ കാര്യമല്ല. അടുത്ത ദിവസത്തെ കാര്യമാണ്. ആലോചിച്ചിട്ട് പറഞ്ഞാൽ അതുപോലെയാകാം. എന്തായാലും കുഴപ്പമില്ല.

ശ്രീ. പി.ജെ ജോയി : സർ, എന്തായാലും രാജീവ് ഗാന്ധി കൊണ്ടുവന്ന നിയമം ലോകസഭയിൽ മൂന്നിൽ രണ്ടിലധികം ഭൂരിപക്ഷത്തോടെ പാസാക്കിയ നിയമമാണ്. ചില ഭേദഗതികൾ നിങ്ങൾ നിർദ്ദേശിച്ചത് നടപ്പാക്കാതെ വന്നപ്പോൾ രാജ്യസഭയിൽ ഉന്നയിച്ചു. അവിടെ നിങ്ങൾ വിജയിച്ചു. അവിടെ നിങ്ങൾ വിജയിച്ചതുകൊണ്ട് അന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും അധികാര വികേന്ദ്രീകരണം നടത്തണം. നേരത്തെ ശ്രീ. ജോൺ സാർ പറഞ്ഞതുപോലെ ഏതായാലും ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഈ നിയമ നിർമ്മാണം വേണം എന്നുള്ളതുകൊണ്ട് ചില ഭേദഗതികൾ നടത്തിയിട്ടുണ്ട്. നിങ്ങൾ മാത്രമല്ല ബഹുമാനപ്പെട്ട ശ്രീ. പി. രാഘവന് അറിയില്ലേ ബി.ജെ.പി യും കൂടി ചേർന്നാണ് അന്ന് ഈ ബില്ലിനെ എതിർത്തത്. വളരെ ആത്മാർത്ഥമായ സമീപനമാണ് കോൺഗ്രസ് ഗവൺമെന്റ് ഈ അധികാര വികേന്ദ്രീകരണ നിയമം കൊണ്ടുവരാൻ എടുത്തിട്ടുള്ളത്. അത് കേന്ദ്രത്തിൽ മാത്രമല്ല സംസ്ഥാനത്തും. ആ നിലയിൽ നിയമ നിർമ്മാണം നടപ്പാക്കാൻ കഴിഞ്ഞു. അതിനു നിങ്ങൾ ഒരു ഓമന പേര് കൊടുത്തു. ജനകീയാസൂത്രണം. അതുപോലെ തന്നെ നിങ്ങളുടെ കമ്മ്യൂണിറ്റി പോലീസിനേയും നിങ്ങൾ വ്യാഖാനിച്ച ഓമനപ്പേര് ജനകീയ പോലീസ്. ആ നിലയിൽ വ്യാഖ്യാനിച്ച് അതിനെ കമ്മ്യൂണിസ്റ്റ്വൽക്കരിക്കുന്നു. ആ നിലയിൽ കൊണ്ടുവരുന്നു. ആ വക കാര്യങ്ങളിലാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസം. അതിനെ ഒരു സെൽ ഭരണമാക്കി മാറ്റുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ആ നിലയിൽ ഈ ഡീ-സെൻട്രലൈസേഷൻ ബില്ലിനെ അതിന്റെ ശരിയായ അർത്ഥത്തിൽ ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ വ്യാഖ്യാനങ്ങൾ പറഞ്ഞാലും ഈ ബിൽ 1998-ൽ കൊണ്ടുവന്ന അധികാര വികേന്ദ്രീകരണ കമ്മിറ്റി റിപ്പോർട്ട് രണ്ടു കൊല്ലം പൂഴ്ത്തിവെച്ചിട്ട് ധൃതി പിടിച്ച്,എന്താണ് അതിന്റെ നിയമവശം എന്ന്പോലും നോക്കാതെ ഇവിടെ കൊണ്ടുവന്ന ഒരു സാഹചര്യം, എങ്കിൽ തന്നെയും ഞങ്ങൾ പൂർണ്ണമായും ഇതിന്റെ സ്പിരിറ്റിനോട് യോജിക്കുന്നു. ഇതിനകത്തെ അപാകതകൾ ചൂണ്ടി കാണിച്ചു എന്നേ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളു. ഇതിനോടനുബന്ധിച്ചു തന്നെയാണ് കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിട്ടി ബിൽ, അധികാര വികേന്ദ്രീകരണ നിയമത്തിന്റെ ചില വകുപ്പുക ളിൽ അപാകതകളുണ്ട്. അത് മുഴുവനിലേക്കും കടക്കാൻ എനിക്ക് കഴിഞ്ഞി ട്ടില്ല. ഒട്ടേറെ അപാകതകൾ ഉണ്ട്. അധികാര വികേന്ദ്രീകരണം പലപ്പോഴും നല്ലതാണ്. ഞാൻ നീട്ടുന്നില്ല. ഈ കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി ബിൽ അത് രൂപീകരിച്ചത് നല്ല ഉദ്ദേശത്തോടുകൂടിയാണ്. നമ്മുടെ വൻകിട ഇറിഗേഷൻ പ്രോജക്ടുകൾ ആ പ്രോജക്ടുകളുടെ കീഴിൽ വൻകിട ലീഡിംഗ് ചാനലുകൾ നിർമ്മിക്കുക അതുപാലെതന്നെ അവിടുത്തെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾക്കുവേണ്ടി രൂപം കൊടുത്തതാണ് കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി. പക്ഷേ കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം ഇന്നിപ്പോൾ ശരിയായ രീതിയിൽ നടക്കുന്നില്ല. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെ ഉണ്ടല്ലോ. അദ്ദേഹം ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയിലെ അംഗം കൂടിയാണ് ഞാൻ. ഞങ്ങൾ കൊടുത്ത പല പ്രാവശ്യവും ഞങ്ങൾ കൊടുത്ത നിർദ്ദേശങ്ങളിൽ ഒന്നാണ് ഫാം റോഡ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ ഫാം റോഡുകൾക്ക് വേണ്ടിയുള്ള ഫണ്ടിൽ 50 ശതമാനം സംസ്ഥാന ഗവൺമെന്റും 50 ശതമാനം കേന്ദ്ര ഗവൺമെന്റുമാണ് വിഹിതം കൊടുക്കേണ്ടത്. അതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം വെയ്ക്കാത്ത തുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ വിഹിതം തരാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ സബ്ജക്ട് കമ്മിറ്റിയിൽ രണ്ടു തവണ അതി നുള്ള പ്രമേയം പാസ്സാക്കി. എന്താണ് തടസ്സം. ബഹുമാനപ്പെട്ട മന്ത്രിയും റിപ്പോർട്ട് ചെയ്തു. പത്രങ്ങളിൽ വന്നു. അതിനകത്ത് പ്ലാനിംഗ് കമ്മിറ്റിയുടെ വിലക്കാണ്. ബഡ്ജറ്റിൽ തുക വെച്ചാലും ആ തുക പിന്നെ എങ്ങനെ ചെലവ ഴിക്കണം എന്നുള്ളതിനെപ്പറ്റി പിന്നെയും പ്ളാനിംഗ് ബോർഡിന്റെ നിർദ്ദേശം വരണമെന്നു പറയുന്നത് ശരിയല്ല. ഇവിടുത്തെ പ്രശ്നം കമാൻഡ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ ജോലികൾ ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന വിഹിതം ലഭിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ചില സ്കീമുകളിൽ അത്രയും തുക ചെലവാക്കണം. അതിനു കഴിയുന്നില്ല എന്നുള്ള പ്ലാനിംഗ് ബോർഡിന്റെ നിർബന്ധപൂർവമായ മന്ത്രിസഭയെ വെല്ലു വിളിക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആണ്. പ്ലാനിംഗ് ബോർഡ് ഒരു സൂപ്പർ ക്യാബിനറ്റ് ആയി മാറുന്നു. എന്നുള്ളതു കൊണ്ട് പലപ്പോഴും കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്കും ആ കാര്യങ്ങൾ അറിയാം. ഈ നിയമ നിർമ്മാണം ഗ്രാമപഞ്ചായത്തുകളെ ഇതുമായി ബന്ധ പ്പെടുത്താൻ വേണ്ടിയാണ്. അങ്ങ് ഇതിനകത്ത് വച്ചിരിക്കുന്ന ഒരു നിർദ്ദേശം as far as possible....While implementing the scheme, the concerned Local Self Government Institutions shall also be allowed to participate, as far as possible, എന്നുള്ളത് എന്തിനാണ്. നല്ല ഉദ്ദേശത്തിന് വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നതെങ്കിൽ as far as possible വേണ്ട. അത് പൂർണ്ണമായും അവരു മായും ബന്ധപ്പെട്ട് കാര്യങ്ങൾ നടത്തും എന്നു പറയുന്നതാണ് നല്ലത്. അതു പൊലെ തന്നെ സെക്ഷൻ 19 ന് അങ്ങ് പറഞ്ഞിരിക്കുന്ന ഭേദഗതി പ്രോജക്റ്റ് കമ്മിറ്റികളിൽ അഞ്ച് പ്രസിഡന്റുമാരെ വെയ്ക്കുന്ന കാര്യമാണ്. ഒരു പ്രോജക്റ്റ് എന്നു പറഞ്ഞാൽ പത്തോ, പന്ത്രണ്ടോ പഞ്ചായത്ത് ഏരിയായി ലാണ് ഇതിന്റെ പ്രയോജനം കിട്ടുക. ഓരോ പ്രോജക്റ്റ് എടുത്താലും നമുക്ക് അത് മനസ്സിലാക്കാൻ കഴിയും. ആ പ്രോജക്റ്റുകളുടെ കീഴിൽ വരുന്ന എല്ലാ പ്രസിഡന്റുമാരും എന്ന് പറഞ്ഞാൽ എന്താണ് തെറ്റ്? അഞ്ചു പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡന്റുമാരെ നോമിനേറ്റ് ചെയ്യണമെന്നാണ് അങ്ങ് നിയമ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. അത് ശരിയല്ല. ഞങ്ങളൊക്കെ പ്രോജക്റ്റ് കമ്മിറ്റിയിൽ നിരന്തരം പോകുന്നവരാണ്. ഇപ്പോൾ ആ പ്രോജക്റ്റ് കമ്മിറ്റികളിൽ വളരെ വ്യക്തമായും വിളിക്കുന്നുണ്ട്. അപ്പോൾ അഞ്ച് എന്നു പറഞ്ഞ് അതിനെ ലിമിറ്റ് ചെയ്ത് പ്രസിഡന്റുമാർക്കുള്ള അധികാരം എടുത്തുകളയണോ? അത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അഞ്ച് എന്ന് ലിമിറ്റ് ചെയ്യരുത്. ഒരു പ്രോജക്റ്റിന്റെ കീഴിൽ പത്തോ, പന്ത്രണ്ടോ പഞ്ചായത്തുകളാണ് മാക്സിമം ഉണ്ടാകുക. അതുകൊണ്ട് എല്ലാ പ്രസിഡന്റുമാരും അതിന്റെ കീഴിൽ വരുന്ന ചെയർമാനോ അല്ലെങ്കിൽ മേയറോ മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരും അങ്ങനെ ആ നിലയിൽ ഭേദഗതി ചെയ്യണം. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കുറേക്കൂടി ഏകോപിപ്പിക്കാനുള്ള അവസരം ഉണ്ടാക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ രണ്ടു ബില്ലിനോടും യോജിക്കുകയാണ്.

മി. സ്പീക്കർ : ഇന്നത്തേത് അവസാനിച്ചു. ഈ ബില്ലിന്റെ ചർച്ച 13-ാം തീയതി തുടരാവുന്നതാണ്. ഇനി ഒരു ഭേദഗതി കൂടി അവതരിപ്പിക്കാനുള്ളത് ശ്രീ. പി.പി തങ്കച്ചനാണ്. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.32 ന് പിരിഞ്ഞു.)

അനുബന്ധം I

8.3.2000-ലെ നക്ഷത്രചിഹ്നമിട്ട 18 (*378)-ാം നമ്പർ ചോദ്യം ദയവായി കാണുക

പത്താം കേരള നിയമസഭാ പരിസ്ഥിതി സമിതി (96-98)ഏഴാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സ്വീകരിച്ച നടപടികളും

നമ്പർ	ശുപാർശകൾ	സ്വീകരിച്ച നടപടികൾ
1	2	3
1.	പ്രകൃതിയുടെ സംരക്ഷണത്തിന് മുഖ്യ പങ്ക് വഹിക്കുന്ന വനമേഖല സംരക്ഷിക്കുന്നതിന് ശക്തമായ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിന് സമിതി ശക്തിയായി ശുപാർശ ചെയ്യുന്നു	വനമേഖല സംരക്ഷിക്കുന്നതിനും വനഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും ശക്തമായ നടപടികൾ വനംവകുപ്പു സ്വീകരിച്ചുവരുന്നു.
2.	കൊച്ചി, തിരുവിതാംകൂർ, കൊല്ലംകോട് രാജകുടുംബങ്ങൾ കാലാവധിവച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി പാട്ടമായും പട്ടയമായും കൊടുത്തിട്ടുള്ള വനഭൂമികൾ പാട്ടവും പട്ടയവും റദ്ദ് ചെയ്ത് തിരികെ എടുക്കാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇപ്പോഴും ഈ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ലീസുകൾ ഒരു നോട്ടിഫിക്കേഷൻവഴി റദ്ദ് ചെയ്യാവുന്നതാണ്. കാരണം ലാന്റ് അസൈൻ	കൊച്ചി-തിരുവിതാംകൂർ, കൊല്ലംകോട് രാജകുടുംബങ്ങൾ പാട്ടമായി കൊടുത്തിട്ടുള്ള വനഭൂമികളുടെ പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly